LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2017 ഏപ്രിൽ വാല്യം 2 ലക്കം 4

## Fundamental Knowledge of True Theology - Chapter : 22

## പാപശാസ്ത്രം

ഭാഗം 2

-Devasia Mullakara Sir



## Hamartiology

PART 2



# മോണ മരവിപ്പിക്കാതെ പല്ല് പിഴുതെടുക്കുമോ...?

എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ


പെന്തക്കോസ്ത്-ബ്രദറൺ സഭകളിലെന്നല്ല, ചർച്ച് ഓഫ് ഇറ്റേണിറ്റിപോലെയുള്ള ക്രിസ്ത്യൻസഭകളിലും, മിക്ക ഉപദേശവിഷയവും പ്രസംഗവും ''വിശ്വാസവും'' ''ആത്മസ്നാനം'' അഥവാ ''അഭിഷേകവും'' ആണ്. ആർക്കുമാർക്കും ഇഷ്ടമല്ല പാപത്തെക്കുറിച്ചെഴുതുവാനും പഠിക്കുവാനും പഠിപ്പിക്കുവാനും. പാപത്തെപ്പറ്റി ആഴമേറിയ ചിന്ത വിതറാതെയും മാനസാന്തരപ്പറ്റി പ്രതിപാദിക്കാതെയും "ആന്തരികസൗഖ്യ"ത്തെപ്പറ്റിയും "വിശുദ്ധീകരണം" എന്ന വിഷയത്തെപ്പറ്റിയും പറയാനും കേൾക്കാനും ഏവർക്കും ഇഷ്ടമാണ്. എന്നാൽ വേദപുസ്തകത്തിന്റെ ഓരോ താളിലും പാപത്തെപ്പറ്റിയും മാനസാന്തരത്തെപ്പറ്റിയും പരാമർശങ്ങൾ ഉണ്ട്. നാം പാപത്തിന്റെ ബന്ധനങ്ങളിൽനിന്നും വിടുതൽ പ്രാപിക്കാതിരിക്കുന്നതിന്റെ കാരണം നാം പാപത്തെ നല്ലപോലെ വെറുക്കുന്നില്ല എന്നതാണ്. വിഷത്തെ നാം വെറുക്കുന്നുണ്ടല്ലോ. അതുപോലെ പാപത്തേയും നാം വെറുക്കേണ്ടതാണ്.നാം പലപ്പോഴും ആഡംബരങ്ങളിലാണ്. പലപ്പോഴും നാം സുഖപ്രദമായ ജീവിതത്തിലാണ്. ഭക്ഷണമാണെങ്കിലും പാനീയമാണെങ്കിലും ലഭിക്കാവുന്നതിൽ ഏറ്റവും കൊള്ളാവുന്നതാണ് നമുക്കുള്ളത്. വീടാണെങ്കിലും, ഏറ്റവും കൊള്ളാവുന്നതല്ലെങ്കിലും, ഒരുമാതിരി കൊള്ളാവുന്നതാണ്. എന്ന് പറഞ്ഞാൽ ലഭിക്കാവുന്ന സുഖങ്ങളോട് പറ്റിച്ചേർന്നാണ് നമ്മുടെ ജീവിതം. അങ്ങനെ വരുമ്പോൾ പാപത്തോടും പറ്റിച്ചേർന്നുപോകുക സ്വാഭാവികമാണ്. അകത്തെ മനുഷ്യന് സന്തോഷമാണ് പാപം ചെയ്യുവാൻ. മുറ്റത്തു നിൽക്കുന്ന പൂന്തോട്ടത്തിന്റെ ഇടയിൽ വളരുന്ന കളകൾ പിഴുതുമാറ്റുന്നതുപോലെ, നമ്മുടെ ഹൃദയത്തിൽനിന്ന് പഴയമനുഷ്യനെ പിഴുതുമാറ്റിയാലേ പാപത്തോട് മത്സരിച്ച് ജയിക്കുവാൻ കഴിയൂ. പരിശുദ്ധാത്മാവിനു മാത്രമേ ഈ പിഴുതുമാറ്റൽ ചെയ്യാൻ കഴിയൂ. ഒരു ദന്തഡോക്ടർ മോണ മരവിപ്പിക്കാതെ ഒരു പല്ല് പിഴുതുമാറ്റുന്നുവെന്ന് വിചാരിക്കുക. രക്തം ഒലിച്ച് ഒലിച്ച് എത്ര വലിയ വേദനയായിരിക്കും അപ്പോൾ നമുക്ക്. ഇതുപോലെ പഴയ മനുഷ്യനെ, വേദന സഹിച്ചുകൊണ്ടുതന്നെ വലിച്ച് പറിച്ച് കളഞ്ഞാൽ മാത്രമേ പാപത്തോട് മത്സരിച്ച് ജയിക്കാൻ കഴിയൂ. സ്വവർഗ്ഗഭോഗത്തിൽ വീണുപോയ വൈദികരെപ്പറ്റിയും,വലിയ വലിയ ബൈബിൾ കോളേജുകളിൽനിന്നും പഠിച്ചിറങ്ങിയ അല്മായരെപ്പറ്റിയും എനിക്കറിയാം. അവിടെയൊക്കെ അധികാരികൾ ലൈംഗികപ്രശ്നങ്ങളെ അടിച്ചൊതുക്കാൻ നോക്കുന്നു. അങ്ങനെ ചെയ്യുന്തോറും സ്ഥിതിഗതികൾ കൂടുതൽ വഷളാകും. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനോടും ക്രൂശിക്കപ്പെട്ട ക്രിസ്തുവിനോട് ചേർന്ന് എൽഡേഴ്സിനോടും കൂടെ ഏറ്റവും നല്ല പ്രാർത്ഥനാജീവിതം സംഘടിപ്പിച്ച് കിട്ടുക എന്നതാണ് പാപത്തെ ഉപേക്ഷിക്കാനുള്ള സുപ്രധാനമാർഗ്ഗം. അപ്പോൾ അശുദ്ധി, ലൈംഗികാസക്തി മുതലായവയിൽനിന്നും വിട്ട് നിൽക്കുവാൻ നമുക്ക് കഴിയാതെ ഇരിക്കുകയില്ല.

യേശുക്രിസ്തുവിൽ, ദൈവം നമുക്ക് ഒത്തിരി സ്നേഹവും കൃപയും ഒരുക്കിയിട്ടുണ്ട്. നിങ്ങളുടെ ക്രിസ്തീയജീവിതത്തിൽ എവിടെയെല്ലാം ഏതെല്ലാം പാപത്തിന്റെ മുറിവുകൾ ഏറ്റിട്ടുണ്ടോ അവിടെയെല്ലാം തന്റെ കൃപയുടെ തൈലം പുരട്ടിത്തരുവാൻ ക്രിസ്തുയേശുവിന് കഴിയും. ആ മുറിവുകൾ കാണുമ്പോൾ യേശു ഒരിയ്ക്കലും നെറ്റി ചുളിയ്ക്കുകയോ ആശ്ചര്യപ്പെടുകയോ ചെയ്യില്ല. യേശുക്രിസ്തു ദേവാലയത്തിൽനിന്ന് പൊൻവാണിഭക്കാരെ അടിച്ചോടിക്കുവാൻ ചാട്ടവാറുയർത്തിയതുപോലെ, നമ്മുടെ ഹൃദയത്തിൽനിന്ന് (ഹൃദയമാകുന്ന ആത്മാവിൽനിന്ന്) പഴയമനുഷ്യനെ അടിച്ചോടിക്കുകതന്നെ ചെയ്യും. "അങ്ങനെയുള്ളവരെ വിട്ടൊഴിയുക" (2 തിമൊ.3:5). "അവരുടെ നടുവിൽനിന്നും വേർപെട്ടിരിക്ക" (2 കൊരി.6:17).





എഡിറ്റോറിയൽ ........ 2
പാപശാസ്ത്രം........ 6-15
ആരാധനാ കേന്ദ്രങ്ങളും
ശുശ്രൂഷകരും........ 16-21
പാപശാസ്ത്രം ........ 22-33
വാർത്തകൾ ........ 34
പ്രോഗ്രാം കലണ്ടർ ........ 35
സാക്ഷ്യങ്ങൾ........ 30




## പാരമ്പര്യങ്ങളുടെ മറവിൽ പാപം

പരീശത്വം പാപമാണ്. പരീശമനോഭാവവും ആ മനോഭാവത്തോടെയുള്ള വാക്കും പ്രവൃത്തിയുമെല്ലാം പാപം തന്നെ. ക്രിസ്തുവിന് മുമ്പ് (B.C യിൽ) മാത്രമല്ല, പരീശത്വം ഉണ്ടായിരുന്നത്. ക്രിസ്തുവിന് പിമ്പും (A.D യിലും) അത് നിലനിൽക്കുന്നു. യഹൂദന്മാരുടെ ജാതീയ നേതാക്കന്മാരായിരുന്നു പരീശന്മാർ. ശാസ്ത്രിമാർ എന്ന് പറയപ്പെടുന്നവരും പരീശന്മാരേപ്പോലെ ജാതീയനേതാക്കന്മാർ തന്നെയായിരുന്നു. ഇന്നും പഴയനിയമകാലത്തേതു പോലെയുള്ള ഡംഭുള്ള മനസ്സുള്ളവർ ഏറെയാണ്.

ബൈബിളിൽ മത്താ.23-മർക്കോ.12, ലൂക്കോ.20 എന്നീ അദ്ധ്യായങ്ങളിൽ യേശുക്രിസ്തുവാകട്ടെ, പരീശന്മാർക്കും ശാസ്ത്രിമാർക്കും നല്ല ശകാരവും കൊടുക്കുന്നുണ്ട്, മുന്നറിയിപ്പും നൽകുന്നുണ്ട്. പരീശന്മാരുടെ അക്കാലത്തെ പ്രവൃത്തികളിലും, ഇക്കാലത്തെ പരീശമനോഭാവം ദൈവജനത്തോടും പാവപ്പെട്ടവരോടും കണിക്കുന്ന ആത്മീയ നേതാക്കന്മാരുടെ സ്വഭാവത്തിലും, ഒളിഞ്ഞിരിക്കുന്ന കപട ആദ്ധ്യാത്മികതയെ പാപമായി പലരും ഗ്രഹിപ്പിക്കാത്തതും ഗ്രഹിക്കാത്തതും പിശാചിന്, നാം ആരും, അത് ഗ്രഹിക്കാതിരിക്കണണെന്ന് താല്പര്യമുള്ളതുകൊണ്ടാണ്.

## പരീശനും ചുങ്കക്കാരനും

ബൈബിളിൽ, പുതിയനിയമത്തിൽ, ലൂക്കോസ് എഴുതിയ സുവിശേഷത്തിൽ 18-ാം അദ്ധ്യായത്തിലെ 9 മുതൽ 14 വരെ തിരുവചനങ്ങളിൽ, നാം ഇങ്ങനെ വായിക്കുന്നു "തങ്ങൾ നീതിമാന്മാർ എന്നുറച്ച് മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കുറിച്ച് അവനൊരു ഉപമ പറഞ്ഞതെന്തെന്നാൽ; രണ്ട് മനുഷ്യർ പ്രാർത്ഥിപ്പാനായി ദൈവാലയത്തിൽ പോയി; ഒരുത്തൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ. പരീശൻ നിന്നുകൊണ്ട് തന്നോടുതന്നെ: ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ, മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ ഞാനല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ട് വട്ടം ഉപവസിക്കുന്നു; നേടുന്നതിലൊക്കെയും പതാരം കൊടുത്തുവരുന്നു. എന്നിങ്ങനെ പ്രാർത്ഥിച്ചു. ചുങ്കക്കാരനോ ദൂരത്തുനിന്നുകൊണ്ട് സ്വർഗ്ഗത്തേയ്ക്ക് നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു: ദൈവമേ പാപിയായ എന്നോട് കരുണയുണ്ടാകണമേ എന്ന് പറഞ്ഞു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേയ്ക്ക് പോയി; മറ്റവൻ അങ്ങനെയല്ല. തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും".

പാപശാസ്ത്രം എന്ന ബൈബിളിലെ, ദൈവശാസ്ത്രപരമായ ഒരു വലിയ വിഷയമാണ് നാം ചർച്ച ചെയ്യുന്നത് എന്ന ബോധ്യം നമുക്ക് ഈ ഭാഗം വായിച്ചുതീരുന്നതുവരെ ഉണ്ടായിരിക്കണം. പരീശന്റെ പാപസ്വഭാവമുള്ള പ്രാർത്ഥനാസമ്പ്രദായമെന്താണെന്നോ? പതിവായി ഒതു കൃത്യസമയത്ത് സമയം അല്പസ്വല്പം പോലും തെറ്റാതെ പ്രാർത്ഥിക്കും. രാവിലെ ഒമ്പത് മണി, ഉച്ചയ്ക്ക് പന്ത്രണ്ട് മണി, വൈകുന്നേരം മൂന്ന് മണി. തുടർന്ന് മുന്നോട്ടുള്ള സമയങ്ങളിലും ഈ പതിവ്

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
സ്റ്റിൽസ്: പ്രിൻസ് ജോസ്,
ലേഔട്ട് & ഡിസൈൻ : ജസ്റ്റിൻ

# Fundamental Knowledge of True Theology - Chapter : 22

# പാപശാസ്ത്രം — Hamartiology

## ഭാഗം 2 — PART 2

അവർ ലംഘിക്കുകയില്ല. ഈ സമയങ്ങളിൽ അവർ നിവൃത്തിയുണ്ടെങ്കിൽ പള്ളിയിൽ തന്നെ പ്രാർത്ഥിക്കും. ഈ സമയം തെറ്റുന്നത് അവർക്ക് പാപം ചെയ്യുന്നതിന് തുല്യമാണ്. തങ്ങൾ പള്ളിയിൽ പോകുന്നതും വരുന്നതും അനേകർ കാണുന്നു. തങ്ങളുടെ ആദ്ധ്യാത്മികതയും മതപരതയും ലോകം കണ്ട് പഠിക്കണം. ഇതൊക്കെയാണ് അവരുടെ ഭാവം. നന്മപ്രവൃത്തികളൊന്നുമില്ലാതെ ഈ ഭാവം മാത്രമുള്ള പെരുമാറ്റം ഒന്നാമത്തെ പാപമാണ്.

രണ്ടാമത്തെ പാപം, പരീശന്റെ സ്വയം ദൈവതുല്യനാകുന്ന ഒരു മനോഭാവമാണ്. സ്വയം ന്യായീകരിക്കുകയും, സ്വയം ഉയർത്തുകയും ചെയ്യുന്ന അവസ്ഥ. അതും പാപമാണ്. പരീശൻ ദൈവസന്നിധിയിൽ തന്റെ പാപം മറച്ചുവയ്ക്കുകയായിരുന്നു. പാപം ചെയ്യുന്നതിനേക്കാൾ വലിയ പാപമാണ് പാപം മറച്ചുവെയ്ക്കുന്നത്. നാം പാപം ഒരിയ്ക്കലും ചെയ്യാൻ പാടില്ല. പക്ഷേ, വാക്കിലൊ ചിന്തയിലോ പ്രവൃത്തിയിലോ, പാപം സംഭവിച്ചാൽ തൊട്ടടുത്ത നിമിഷം കർത്താവിനോട് അവയേറ്റ് പറയണം. വേണ്ടത്ര വിശ്വാസത്തോടെ പാപങ്ങളേറ്റ് പറയുകയാണെങ്കിൽ, ആവശ്യമായ 'സത്യ അനുതാപത്തോടെ'യാണ് പാപങ്ങളേറ്റ് പറയുന്നതെങ്കിൽ, തീർച്ചയായും പാപവിമോചനം ലഭിക്കുക തന്നെ ചെയ്യും. ''എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്കെഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു; നമ്മുടെ മാത്രമല്ല, സർവ്വലോകത്തിന്റെ പാപത്തിനും തന്നെ"(1 യോഹ.2:1,2).

എത്ര ആഴമുള്ള, അർത്ഥവ്യാപ്തിയുള്ള കാര്യങ്ങളാണ് 1 യോഹ.2-ാം വാക്യം ആരംഭഭാഗത്ത് പറഞ്ഞിരിക്കുന്നത്. അതിരിക്കട്ടെ, പരീശന്മാർ പതിവ് തെറ്റിക്കാതെ പ്രാർത്ഥിക്കും. പതിവായി പ്രാർത്ഥിക്കുന്നത് ഏറ്റവും നല്ല കാര്യമാണ്. ആരെങ്കിലും പതിവ് തെറ്റിച്ചാൽ തെറ്റിച്ചവരെ വഴക്ക് പറയുന്നതോ? തെറ്റിച്ചവരെ പരസ്യമായി മാനഭംഗപ്പെടുത്തുന്നതോ? ശിക്ഷിക്കുന്നതോ? അവയെല്ലാം പാപം തന്നെ. കാരണം മുഖ്യമന്ത്രിയുടെയോ ജില്ലാ കളക്ടറുടെയോ അപ്പോയിന്റ്മെന്റ് അനുസരിച്ച്, അവിടെ ചെല്ലുമ്പോലെയല്ല ദൈവത്തെ സമീപിക്കൽ.

ദൈവം ഏത് സമയത്തും നമ്മെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. യാതൊരു ഔപചാരികത്വമോ (പ്രോട്ടോകോൾ) സമയനിഷ്ഠയോ ഒന്നും ദൈവത്തിനില്ല. നമ്മുടെ ഹൃദയം തുറന്നുകൊണ്ടാണോ അവനെ സമീപിക്കുന്നത് എന്നു മാത്രമേ, അവിടുന്ന് നോക്കുന്നുള്ളു. ഹൃദയപരമാർത്ഥത വേണം. ചിലരുണ്ട്, ദൈവത്തെ അധരംകൊണ്ട് മാത്രം ഏറ്റു പറയും. യെശ.29:13 "ഈ ജനം അടുത്തുവന്ന് വായ്കൊണ്ടും അധരം കൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽനിന്നും ദൂരത്ത് അകറ്റിവെച്ചിരിക്കുന്നു. എന്നോടുള്ള അവരുടെ ഭക്തി മന:പാഠമാക്കിയ മാനുഷകല്പനയത്രേ!" ഹൃദയപരമാർത്ഥതയില്ലായ്മ പാപമാണ്. യെഹ. 33:31 ''സംഘം കൂടി വരുന്നതുപോലെ അവർ നിന്റെ അടുക്കൽ വന്ന് എന്റെ ജനമായിട്ട് നിന്റെ മുമ്പിലിരുന്ന് നിന്റെ വചനങ്ങളെ കേൾക്കുന്നു. എന്നാൽ അവർ അവയെ ചെയ്യുന്നില്ല; വായ്കൊണ്ട് അവർ വളരെ സ്നേഹം കാണിക്കുന്നു; ഹൃദയമോ ദുരാഗ്രഹത്തെ കാണിക്കുന്നു."

### പരീശന്റെ പൊള്ളയായ വാദങ്ങൾ

പിടിച്ചുപറിക്കാരിൽ നിന്നും, നീതികെട്ടവരിൽനിന്നും, വ്യഭിചാരികളിൽനിന്നും; ഈ നിൽക്കുന്ന ചുങ്കക്കാരിൽ നിന്നും താൻ വ്യത്യസ്തനാണെന്നും, അയാളെക്കാൾ മാത്രമല്ല മറ്റാരേക്കാളും താൻ പൂർണ്ണതയുള്ള ആത്മീയവ്യക്തിയാണെന്നുമുള്ള പൊള്ളയായ അവകാശവാദം 'മനുഷ്യരോട്' വീമ്പടിക്കുകയായിരുന്നുവെങ്കിൽ നമുക്ക് അത് മനസ്സിലാക്കാമായിരുന്നു. ''സത്യദൈവത്തോട്'' അങ്ങനെ അദ്ദേഹം പറഞ്ഞുകളഞ്ഞു. പാപങ്ങളെക്കാൾ വലിയ പാപം തന്നെയായിരുന്നു, അത്. മന:സ്സാക്ഷി മരവിച്ചുപോയി ആ പരീശന്റെ. പാപമല്ലാതെ മറ്റെന്താണ് അത്? ആ പരീശൻ സ്വേച്ഛാരാധനാ പ്രിയൻ തന്നെ. ശരിക്കും അദ്ദേഹം തന്നെത്താൻ ഉയർത്തുകയായിരുന്നു. തന്നെത്താൻ ഉയർത്തുന്നത് പാപമാണെന്ന് പത്ത് പ്രമാണങ്ങൽ യഥാർത്ഥമായി പറഞ്ഞിട്ടുണ്ടോ? എന്നാൽ ഒന്നാം പ്രമാണത്തിൽ ഇതിന്റെയൊക്കെ പ്രതിധ്വനി നമുക്ക് കേൾക്കുവാൻ കഴിയും.

ദൈവസന്നിധിയിലെ, പ്രാർത്ഥനയുടെ ആത്മപ്രശംസയെപ്പറ്റി – ആ വൻ പാപത്തെപ്പറ്റി, യാണിവിടെ കുറിയ്ക്കുന്നത്. ചിലർ ആ ഫരിസേയനെപ്പോലെ പൊങ്ങച്ചം അടിക്കുന്നു. ദൈവത്തോടോ പൊങ്ങച്ചം? ചിലർ പ്രാർത്ഥിച്ചുകൊണ്ട് മറ്റുള്ളവരെ പരിഹസിക്കുന്നു. ചിലർ




ശകാരിക്കുന്നു. ചിലർ ദൈവവചനം തേടിപ്പിടിച്ച്, തന്റെ വീട്ടിലുള്ളവരോടോ സഭയിലുള്ളവരോടോ അവരെ കുത്തിമുറിവേല്പിച്ചുകൊണ്ട് പ്രസംഗിക്കാറുണ്ട്. ഇതും പാപമാകുന്നു. ചിലർ പ്രാർത്ഥിച്ചുകൊണ്ട്, ശാപവാക്കുകൾ പറയുന്നു. എല്ലാം പാപം തന്നെ. "പ്രാർത്ഥനയിൽ നിങ്ങൾ ജാതികളേപ്പോലെ, ജല്പനം ചെയ്യരുത്; അതിഭാഷണത്താൽ ഉത്തരം കിട്ടുമെന്നല്ലോ അവർക്ക് തോന്നുന്നത്. അവരോട് തുല്യരാകരുത്. നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കുംമുമ്പേ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ" (മത്താ.6:6,7,8).

"നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരേപ്പോലെ ആകരുത്. അവർ മനുഷ്യർക്ക് വിളങ്ങേണ്ടതിന് പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ട് പ്രാർത്ഥിക്കാൻ ഇഷ്ടപ്പെടുന്നു. അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്ന് ഞാൻ നിങ്ങളോട് പറയുന്നു" (മത്താ.6:5). പ്രാർത്ഥനയിലൂടെ ദൈവത്തിനാണ് നാം വിളങ്ങേണ്ടത്; മനുഷ്യർക്കല്ല. പ്രാർത്ഥനയിലൂടെ മനുഷ്യർക്ക് വിളങ്ങുന്നത് പാപമാണ്. മൂന്നുനേരവും കൃത്യസമയത്ത് പ്രാർത്ഥിക്കുവാൻ ശ്രമിക്കുന്നവർ മനുഷ്യനെ കാണിച്ച് മനുഷ്യന്റെ മുമ്പിൽ വിളങ്ങാൻ ശ്രമിക്കുന്നു! പാപം!

അനേകം പഴയകാല പരീശന്മാരും, പുതിയനിയമകാല പരീശന്മാരും, വചനം മന:പാഠമാക്കുകയും, പ്രസംഗത്തിലും പ്രാർത്ഥയിലും ഉപോഗിക്കുകയും, എന്നാൽ ദൈനംദിന ജീവിതത്തിൽ ഒരൊറ്റ വചനമനുസരിച്ച് പോലും ജീവിക്കാതിരിക്കുകയും ചെയ്യുന്നു. ഇതും പാപം തന്നെയാണ്. അതായത് ജീവിതത്തിലശേഷം ക്രിസ്തു ഇല്ല. പ്രസംഗത്തിലും പ്രാർത്ഥനയിലും വചനം തന്നെ വചനം. അതും പാപമാണ്; പരീശത്വമാണ്. മത്താ.23-ൽ 1 മുതൽ 5 വരെയുള്ള വാക്യങ്ങൾ കുറിയ്ക്കാം. "അനന്തരം യേശു പുരുഷാരത്തോടും തന്റെ ശിഷ്യന്മാരോടും പറഞ്ഞത് : ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിലിരിക്കുന്നു. ആകയാൽ അവർ നിങ്ങളോട് പറയുന്നതൊക്കെയും പ്രമാണിച്ച് ചെയ്യുവിൻ; അവരുടെ പ്രവൃത്തികൾ പോലെ ചെയ്യരുത് താനും. അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ. അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വെയ്ക്കുന്നു; ഒരു വിരൽകൊണ്ടുപോലും അവയെ തൊടുവാൻ അവർക്ക് മനസ്സില്ല. അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിന് അത്രേ ചെയ്യുന്നത്. തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാനസ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ റബ്ബീ എന്ന് വിളിക്കുന്നതും അവർക്ക് പ്രിയമാകുന്നു"(മത്താ.23:1-6).

കർത്താവാകട്ടെ ഈ പ്രസംഗത്തിലൂടെ സകല പ്രമാണിമാരുടെയും കപടഭക്തിയെ ഭർത്സിക്കുകയാണ്. ആത്മപ്രശംസയെ അധിക്ഷേപിക്കുകയാണ്. കാരണം അവയൊക്കെയും പാപമാണ്. റോമാലേഖനം 2-ാം അദ്ധ്യായത്തിലെ ചില വചനങ്ങൾ കുറിയ്ക്കാം. "ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവരൊക്കെയും ന്യായപ്രമാണം കൂടാതെ നശിച്ചുപോകും; ന്യായപ്രമാണം ഉണ്ടായിട്ട് പാപം ചെയ്തവരൊക്കയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും. ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാന്മാർ; ന്യായപ്രമാണം ആചരിക്കുന്നവരത്രെ നീതീകരിക്കപ്പെടുന്നത്" (റോമ.2:12,13).

**നമ്മിൽ വസിക്കുന്ന ക്രിസ്തു മറ്റുള്ളവരിലേക്ക് ഒഴുകുക**

പരീശമനോഭാവങ്ങളൊക്കെയും, വളർന്നുവെന്നഭിമാനിക്കുന്നവരുടെ ഔദ്ധത്യമനോഭാവത്തിന്റെ പാപങ്ങളാകുന്നു. വളർന്നവർ, വളർന്നവർ തന്നെയെങ്കിൽ അവരിൽ ക്രിസ്തു വസിക്കുന്നുണ്ടാകും. അവരിൽ വസിക്കുന്ന ക്രിസ്തു മറ്റുള്ളവരിലേക്ക് അവരിലൂടെ ഒഴുകുന്നുമുണ്ടാകും. അത് തന്നെയാണ് സാക്ഷ്യമെന്ന് പറയുന്നത്. പത്തോ മുപ്പതോ പേരുള്ള ഒരു സഭയിൽ ഓരോരുത്തരായി എഴുന്നേറ്റ് നിന്ന് ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ എന്ന് പറഞ്ഞുകൊണ്ട് ഒരു ട്രെയിൻയാത്രയും ബസ്സ് യാത്രയും അനുഗ്രഹിക്കപ്പെട്ടതും ഒരു മകളുടെ സുഖപ്രസവാദികാര്യങ്ങൾ നടന്നതും പറയുന്നത് ഒരു പതിവ് ശൈലിയാക്കിയവരെ പല പ്രാദേശിക ചർച്ചുകളിലും കാണാം. ഈ ബൈബിൾ ഭാഗം ഒന്ന് വായിച്ചേ എന്ന് പറയുന്ന സമയത്ത് തന്നെ വേഗത്തിൽ ആ ഭാഗമെടുത്ത് വായിച്ചിട്ട് വായിച്ചതിന്റെ ക്രെഡിറ്റ് പ്രതീക്ഷിക്കുന്നവരെ പല ചർച്ചുകളിലും കണ്ടേക്കാം. ആ പാട്ട് നമുക്ക് പാടാം എന്ന് പറഞ്ഞാൽ മതി, മറ്റുള്ളവരെ അവഗണിച്ചുകൊണ്ട് അത് തന്റെ കടമയാണെന്ന് കരുതിക്കൊണ്ടും പാടി എന്ന് ഭാവിക്കുന്ന ചിലരും ചില സഭകളിലുണ്ട്. ഇവരേക്കാൾ സ്വരമാധുര്യത്തോടെ പാടാൻ അറിയുന്നവർ, ശാന്തമായി ഇരിക്കുമ്പോൾ ഇവർ ഇവരുടെ ഗാനാലാപനത്താൽ ഹോൾ നിറയ്ക്കുമ്പോൾ




അവിടെയൊക്കെ ഒരു പരീശമനോഭാവം ഒളിഞ്ഞിരിപ്പുണ്ട്. ഏത് തരത്തിലുള്ള പരീശമനോഭാവമാണെങ്കിലും അത് പാപം തന്നെ. സാക്ഷ്യം പറയുന്നതിനും ദൈവീകപരിജ്ഞാനം ആവശ്യമാണ്.

ചിലർ ദൈവത്തോട് തങ്ങളുടെ കഴിവുകേടുകളെപ്പറ്റി ദൈവവും അവരും മാത്രമായിരിക്കുമ്പോൾ പറയും. അത് പുതുജനനസ്വഭാവവും പുതിയ സൃഷ്ടിയായതിന്റെ ലക്ഷണവുമാകുന്നു. വേറെ ചിലർ ദൈവത്തോട് പറയാനുള്ളത് ഒരു പരീശമനോഭാവത്തോടെ മനുഷ്യരോട് പറയും. പരീശമനോഭാവം, നമ്മൾ നമ്മെ താഴ്ത്തുന്നതിൽ ഉണ്ടാകാതെ നോക്കണം. ഷെയറിംഗിന്റെ സമയത്തും പ്രാർത്ഥനയുടെ സമയത്തും വിദ്യാഭ്യാസക്കുറവുകളെപ്പറ്റിയും ബലഹീനതകളെപ്പറ്റിയും ഒക്കെ ചിലർ ആവർത്തിച്ച് ആവർത്തിച്ച് പറയുന്നത് കേട്ടിട്ടുണ്ട്. രണ്ടാം ക്ലാസ്സുവരെയെ താൻ പഠിച്ചിട്ടുള്ളു എന്നൊരാൾ പറയുമ്പോൾ പന്ത്രണ്ടാംക്ലാസ്സ് വരെ പഠിച്ചവരേക്കാൾ താൻ കൂടുതൽ പ്രവർത്തിക്കുന്നുണ്ട് എന്നൊരു ഉള്ളിലിരുപ്പ് ഉണ്ടാകുന്നുണ്ടെങ്കിൽ അത് പാപമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം.

**അവർ പറയുന്നതല്ലാതെ ചെയ്യുന്നില്ലല്ലോ**

1. പരീശമനോഭാവമുള്ളവർ പറയുന്നതല്ലാതെ ചെയ്യുന്നില്ല (മത്താ.23:4). അത് പാപമാണ്. ചെയ്യാത്തത് പറയരുത്. പറച്ചിൽ മാത്രം പോരാ പ്രവൃത്തിയും വേണം. പ്രവൃത്തിയില്ലാത്ത പറച്ചിലും പാപമാണ്.

2. "ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വെയ്ക്കുന്നു. ഒരു വിരൽകൊണ്ടുപോലും അവയെ തൊടുവാൻ അവർക്ക് മനസ്സില്ല" (മത്താ.23:4). മറ്റുള്ളവരുടെ തലയിൽ ഘനമുള്ള ചുമട് വെയ്ക്കുന്നത് പാപമാണ്. ദൈവം കാണേണ്ടതിനേ, ഏതും ചെയ്യാവൂ.

3. "തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു"(മത്താ.24:5). പരീശന്മാർ പ്രാർത്ഥനാസമയത്ത് ധരിക്കുന്നതാണ് മന്ത്രപ്പട്ട. ഭൂതപ്രേതബാധകൾ ഇത് ധരിച്ചവർക്കുണ്ടാകില്ലെന്നും ആ ബാധകൾ ഇത് ധരിച്ചവരെ പേടിച്ച് മാറുമെന്നുമൊക്കെയാണ് ധാരണ. കത്തോലിക്കാപുരോഹിതർ ളോഹയുടെ പുറമേ ഊറാല എന്ന പേരിൽ ഒരു മേൽവസ്ത്രം ധരിക്കുന്നത് മന്ത്രപ്പട്ടക്ക് സമാനമാണ്. മൃഗത്തോൽകൊണ്ടുണ്ടാക്കിയ ഒരു ചെറിയ പേടകമാണ് മന്ത്രപ്പട്ട. നെറ്റിയിലും കയ്യിലും മന്ത്രപ്പട്ട കെട്ടാം. മതഭക്തിയുടെ തീക്ഷ്ണതയുള്ള വ്യക്തി എന്ന പരീശാധികാരലക്ഷണം കാട്ടുന്നു എന്ന പാപസ്വഭാവമാണിവിടെ നാം കാണുക. സത്യദൈവത്തെ ആത്മാവിൽ ആരാധിക്കുകയും, ആത്മാവായ ദൈവത്തെ സത്യത്തിൽ ആരാധിക്കുകയും ചെയ്യുക എന്നതാണ് (യോഹ.4:24) നമ്മുടെ "സ്പിരിച്വാലിറ്റി"യുടെ അകക്കാമ്പ്. സഹോദരനെ, നാം നമ്മെ എങ്ങനെ സ്നേഹിക്കുന്നുവോ അതുപോലെ തന്നെ കരുതുകയും സ്നേഹിക്കുകയും ചെയ്യുക എന്നതാണ് "ട്രൂ സ്പിരിച്വാലിറ്റി" (യഥാർത്ഥ ആദ്ധ്യാത്മികത). ബാക്കിയൊക്കെ ദൈവത്തെയും സഹോദരനെയും കബളിപ്പിക്കലാണ്. അവ പാപങ്ങളാണ്.

**ആദം ഹവ്വാമാർക്ക് സംഭവിച്ച പാപവും ഇന്നത്തെ ആദം ഹവ്വാമാർക്ക് വരുന്ന പാപവും.**

സാത്താൻ പാപം ചെയ്ത് സ്വർഗ്ഗത്തിൽനിന്നും പുറത്താക്കപ്പെട്ട സംഭവം യെഹ.28-ൽ 12-15 വരെ വാക്യങ്ങളിലും യെശ.14-ൽ 9-14 വരെ വചനങ്ങളിലും നാം വായിച്ചറിയുന്നു. മാനവചരിത്രത്തിലെ പാപത്തിന്റെ പ്രവേശനമാണ് ഉല്പത്തി 3-ാം അദ്ധ്യായത്തിലെ ചർച്ചാവിഷയം. ഉല്പ. 2-ൽ 16,17 വചനങ്ങളിൽ "യഹോവയായ ദൈവം, മനുഷ്യനോട് കല്പിച്ചതെന്തെന്നാൽ തോട്ടത്തിലെ സകലവൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മതിന്മകളേക്കുറിച്ചുള്ള അറിവിൻവൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും."

ആ വൃക്ഷഫലത്തിന് അത്ഭുതഫലസിദ്ധിയോ, വിഷദോഷമോ ഒന്നും ഉണ്ടായിട്ടല്ല; അത് തിന്നുന്ന നാളിൽ മരിക്കുന്നത്. തിന്നരുതെന്ന് പറയുന്നത് അനുസരിക്കുന്നുണ്ടോ എന്നറിയുവാനാണ്. അനുസരിക്കാതിരുന്നാൽ മാത്രമാണ് മരണം സംഭവിക്കുക. മരണമെന്ന് പറയുന്നതോ? 'ശവാടക്ക്' പോലെ വരുന്ന സംഭവമേയല്ല. ആത്മീയമായ മരണം ആണ്! ഒരാൾ ആത്മീയമായി മരിച്ചാൽ നിത്യത തീർച്ചയായും നഷ്ടപ്പെട്ടു. ഭക്ഷണം കഴിക്കുന്നതിനോ സ്കൂൾ-കോളേജ് തലങ്ങളിൽ പഠിച്ച് പാസ്സായി ജോലി ലഭിച്ച് വലിയ ആൾ ആകുന്നതിനോ ബിഷപ്പോ MLA യോ ആകുന്നതിനോ യാതൊരു ബുദ്ധിമുട്ടും ഇല്ല. ആത്മീയമരണം സംഭവിക്കുന്നവർക്ക് സിനിമയിലഭിനയിക്കുന്നതിനോ, ഗർഭധാരണത്തിനോ ഒളിംബിക് കളിയിൽ സംബന്ധിക്കുന്നതുൾപ്പെടെ - അങ്ങനെയുള്ള യാതൊരുകാര്യങ്ങൾക്കും യാതൊരു കുറവും ഇല്ല. പക്ഷേ




സ്വർഗ്ഗം ഭാവിയിൽ നഷ്ടപ്പെടും. യഥാർത്ഥ സമാധാനവും, ജീവിതത്തിൽ നഷ്ടപ്പെടും. നന്മതിന്മകളുടെ അറിവ് എന്നതുകൊണ്ടുദ്ദേശിക്കുന്നത്, രാഷ്ട്രീയവും മതവും സയൻസും ടെക്നോളജിയുമൊക്കെയാണ്.

ഇന്നത്തെ വിദ്യാർത്ഥി ഇവയൊക്കെയാണല്ലോ പഠിക്കുന്നത്. ബൈബിളല്ലല്ലോ. എന്നാൽ ബൈബിളിലെ ഏതാനും ചാപ്റ്ററുകളെങ്കിലും പഠിക്കുന്നില്ലെങ്കിൽ നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം അവർ തിന്നുകയും കുറേശ്ശെ കുറേശ്ശെയായി മരിച്ചുകൊണ്ടേയിരിക്കുകയും ചെയ്യും.

**അനുസരണം**

ദൈവകല്പന അനുസരിക്കുക എന്നതാണ് മൗലികമായ ദൈവദർശനം. ദൈവകല്പന അനുസരിക്കുന്നത് ജീവനാസ്വദിക്കലാണ്. ദൈവവചനത്തിലൂടെയുള്ള ദൈവകല്പനയെ അനുസരിക്കാതിരിക്കൽ മരണത്തെ കെട്ടിപ്പുണരലാണ്. നാം വിചാരിക്കുംപോലെ യാതൊരു ബുദ്ധിമുട്ടും ഇല്ല, ദൈവകല്പനകളെഅനുസരിക്കുവാൻ. 1 യോഹ.5:3. "അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം, അവന്റെ കല്പനകൾ ഭാരമുള്ളവയല്ല; സദൃശവാക്യങ്ങൾ 6:23 "കല്പന ഒരു ദീപവും ഉദ്ദേശം ഒരു വെളിച്ചവും പ്രബോധനത്തിന്റെ ശാസനകൾ ജീന്റെ മാർഗ്ഗവുമാകുന്നു." സങ്കീർ.119:39 "നിന്റെ വിധികൾ നല്ലവയല്ലോ."

**ഒന്നാമത്തെ പ്രവചനം**

"നന്മതിന്മകളേക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും" (ഉല്പ.2:17). ഈ തിരുവെഴുത്തിലൂടെ ആദ്യപ്രവചനം മൊട്ടിടുകയായിരുന്നു. പ്രവചനം എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഹാബേലിന്റെ മരണം, ആഭ്യന്തരമരണം മാത്രമല്ലായിരുന്നു, ശാരീരിക മരണംകൂടി ആയിരുന്നു. ഏദെനിൽ ജീവവൃക്ഷവും ഉണ്ടായിരുന്നു. വെളിപ്പാട്പുസ്തകത്തിൽ ജീവവൃക്ഷത്തെപ്പറ്റി 4 പരാമർശങ്ങൾ ഉണ്ട്. (1). ''ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും'' (2:7). 2. ''നദിക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്. അത് പന്ത്രണ്ട് വീതം ഫലം കായ്ച്ച് മാസംതോറും അതത് ഫലം കൊടുക്കുന്നു" (22:2). 3. ''ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിനും, ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ'' (22:14). 4.''ഈ ( പവചനപുസ്തകത്തിലെ വചനത്തിൽനിന്ന് ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും"(22:19). സദൃശവാക്യങ്ങളിലും ജീവവൃക്ഷത്തെപ്പറ്റിയുള്ള പരാമർശങ്ങൾ കുറിയ്ക്കാം.

**ജീവവൃക്ഷഫലം**

(1) "അതിനെ (ജ്ഞാനത്തെ) പിടിച്ചുകൊള്ളുന്നവർക്ക് അത് ജീവവൃക്ഷം" (3:18). (2) "നീതിമാന് ജീവവൃക്ഷം പ്രതിഫലം" (11:30). (3) "നാവിന്റെ ശാന്തത ജീവവൃക്ഷം" (15:4). ഉല്പത്തിയിലും ജീവവൃക്ഷ പരാമർശം പലയിടങ്ങളിൽ ഉണ്ട്. "തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും" എന്ന് 2:9-ലും "ജീവവൃക്ഷത്തിന്റെ ഫലംകൂടി പറിച്ചു തിന്നു" എന്ന് 3:22-ലും ''ജീവന്റെ വൃക്ഷത്തിലേയ്ക്കുള്ള വഴി കാപ്പാൻ'' എന്ന് 3:24-ലും നാം കണ്ടുമുട്ടുന്നു.

അറിവിന്റെ വൃക്ഷഫലം പറിച്ച് തിന്നരുതെന്ന് ദൈവം പറഞ്ഞത് അനുസരിച്ചിരുന്നുവെങ്കിൽ ഇതര വൃക്ഷഫലങ്ങൾ തിന്നുന്നകൂടെ ജീവവൃക്ഷഫലവും അതിൽപെടുമായിരുന്നു. ഇവയുടെ ഫലം പേരുപോലെ തന്നെ ജീവൻ നൽകുന്നതുതന്നെ. ജീവവൃക്ഷം യേശുക്രിസ്തുവിന്റെ നിഴലാണെന്നും പ്രതിരൂപം ആണെന്നും ചില വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത് നാം തള്ളിക്കളയേണ്ടതില്ല. ജീവവൃക്ഷത്തിന്റെ ഗുണഗണങ്ങൾ ഏറെയാണ്. യെഹെ.47:7,12 വാക്യങ്ങൾ കുറിയ്ക്കാം. പക്ഷേ ഇവിടെ പറയുന്നത് ജീവവൃക്ഷമാണെന്ന് പ്രവാചകൻ എഴുതിയിട്ടേയില്ല. ജീവവൃക്ഷം പോലെയുള്ള വൃക്ഷമാണെന്ന് നമുക്കനുമാനിക്കാം. ''അവൻ എന്നോട്: മനുഷ്യപുത്രാ, കണ്ടുവോ എന്നു ചോദിച്ചു. പിന്നെ അവൻ എന്നെ നദീതീരത്ത് മടക്കിച്ചെല്ലുമാറാക്കി".

"ഞാൻ മടങ്ങിച്ചെന്നപ്പോൾ നദീതീരത്ത് ഇക്കരെയും അക്കരെയും അനവധി വൃക്ഷം നിൽക്കുന്നത് കണ്ടു'' (യെഹ.47:7). "നദീതീരത്ത് ഇക്കരെയും അക്കരെയും തിന്മാൻ തക്കഫലമുള്ള സകലവിധ വൃക്ഷങ്ങളും വളരും അവയുടെ ഇല വാടുകയില്ല. ഫലം ഇല്ലാതെ പോവുകയുമില്ല; അതിലെ വെള്ളം വിശുദ്ധമന്ദിരത്തിൽനിന്ന് ഒഴുകിവരുന്നതുകൊണ്ട് അവ മാസംതോറും പുതിയഫലം കായ്ക്കും. അവയുടെ ഫലം തിന്മാനും അവയുടെ ഇല ചികിത്സയ്ക്കും ഉതകും''




(യെഹ.47:12).

ഏതായാലും ഏദെൻതോട്ടത്തിൽ അത്ഭുതകരമായ സ്വഭാവമുള്ള കായ്കളോടുകൂടിയ രണ്ട് വൃക്ഷങ്ങൾ ഉണ്ടായിരുന്നു. ഒന്ന് ജീവവൃക്ഷവും (The tree of life) മറ്റൊന്ന് നന്മതിന്മകളുടെ അറിവിന്റെ വൃക്ഷവും (The tree of the knowledge of God and evil). നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നതോടുകൂടെയാണ് മനുഷ്യൻ പാപത്തിലായതും, തോട്ടത്തിൽനിന്ന് പുറത്താക്കപ്പെട്ടതും. ജീവവൃക്ഷഫലം ആദമോ ഹവ്വയോ ഭക്ഷിച്ചിട്ടില്ല. ഹവ്വയ്ക്ക് അഭികാമ്യമായി തോന്നിയത് വിലക്കപ്പെട്ട വൃക്ഷഫലം തിന്നുന്നതായിരുന്നു. അന്യരുടെ സ്വത്ത് വിലക്കപ്പെട്ടത് തന്നെയാണ്. അത് മോഹിക്കുന്നതും ഉപയോഗിക്കുന്നതും പാപമാണ്. അന്യരോട് ഒത്തുള്ള ലൈംഗീകാസ്വാദനം വിലക്കപ്പെട്ട കനിയാണ്. അന്യരുടെ സ്ഥാനമാനങ്ങളും വസ്തുവകകളും വിലക്കപ്പെട്ട കനികളാണ്. അന്യാരാധനകളെല്ലാം വിലക്കപ്പെട്ട കനികളാണ്. ഏകമദ്ധ്യസ്ഥൻ യേശു ആയിരിക്കെ (1 തിമോ.2:5) മറിയത്തിലൂടെയോ ഏതെങ്കിലും പുണ്യവതീപുണ്യവാളന്മാരി ലൂടെയോ പ്രാർത്ഥിക്കുന്നത് പാപമാണ്. യേശുവിനോട് പ്രാർത്ഥിക്കുന്നത് തന്നെ അവൻ മാത്രം ഉയിർത്തെഴുന്നേറ്റതുകൊണ്ടാണ്. മറിയം ഉൾപ്പെടെയുള്ള സകല വിശുദ്ധന്മാരും ക്രിസ്തുവിന്റെ രണ്ടാംവരവിലേ ഉയിർത്തെഴുന്നേൽക്കുകയുള്ളു. അവരോടൊക്കെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുന്നത് പാപം; പ്രാർത്ഥിക്കണമെന്ന് പ്രേരിപ്പിക്കുന്നത് അതിനേക്കാൾ വലിയ പാപം. ക്രിസ്തുവോ, പഴയനിയമകാല പ്രവാചകന്മാരോ, പുതിയനിയമകാല അപ്പൊസ്തലന്മാരൊ ത്രീയേകദൈവം ഒഴികെ ആരോടും പ്രാർത്ഥിക്കുവാനോ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുവാനോ പ്രബോധിപ്പിച്ചിട്ടില്ല. നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നവർ പറുദീസ വിട്ട് പുറത്തുപോയതുപോലെ ഏകസത്യദൈവമായ ത്രീയേകദൈവത്തെയല്ലാതെ ആരാധിക്കുന്നവരും ക്രിസ്തുവിന്റെ ഒഴികെയുള്ള മാദ്ധ്യസ്ഥ്യം തേടുന്നവരും മഹാപാപമാണ് ചെയ്യുന്നത്. അത് ചെയ്യിക്കുന്നവർ അതിനേക്കാൾ വലിയ പാപമാണ് ചെയ്യുന്നത്.

**ആദ്യവിവാഹം**

സ്വർഗ്ഗത്തിന്റെ ഒരെളിയ പതിപ്പാണ് കുടുംബം. സ്വർഗ്ഗീയസന്തോഷത്തിന്റെ വളരെ പരിമിതമായ ഒരനുഭവം മനുഷ്യന് ലഭിക്കുവാനാണ് ദൈവം കുടുംബജീവിതം അനുവദിച്ചത്. വിവാഹത്തിന്റെ അനിവാര്യതയും പരിശുദ്ധിയും കാത്ത് സൂക്ഷിക്കാത്തവർ പാപം ചെയ്യുന്നു. ആവ.14:26–ൽ നീയും നിന്റെ കുടുംബവും സന്തോഷിക്കണമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു ഉൽ.5:2–ൽ. ദൈവത്തിന്റെ സാദൃശത്തിൽ അവനെ ഉണ്ടാക്കി; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു എന്നു നാം വായിക്കുന്നു. “മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല'' എന്ന (ഉൽപ.2:18) ദൈവപിതാവിന്റെ കല്പനയെ മാർപാപ്പായും, മെത്രാന്മാരും, പുരോഹിതന്മാരും കന്യാസ്ത്രീകളും ആ കൽപ്പനയ്ക്ക് പുല്ല് വിലപോലും കൊടുക്കാതെ ലംഘിക്കുമ്പോൾ മഹാപാപം ചെയ്യുന്നു. അവരിൽ ഭൂരിപക്ഷംപേരും ശരീരത്തിന്റെ അപ്രതിരോധ്യആവശ്യമായ ഇണചേരലിന് വളഞ്ഞവഴി തേടുമ്പോൾ വീണ്ടും പാപം ചെയ്യുന്നു. കുർബ്ബാന എന്ന പാപവും പൗരോഹിത്യം എന്ന പാപവും തുടരുന്നു.

പാപങ്ങളകറ്റാൻ കഴിവില്ലാത്ത ബലികളർപ്പിക്കരുതെന്ന് എബ്രാ.10:10,11 വാക്യങ്ങളിൽ ദൈവകല്പന ഉള്ളതിനെ പുരോഹിതന്മാർ ലംഘിക്കുമ്പോൾ ഓരോ ദിവസവും കുർബ്ബാന അർപ്പിച്ചുകൊണ്ട് അവർ പാപം ചെയ്യുന്നു. മാത്രമല്ല ദൈവപുത്രൻ പാപങ്ങൾക്കുവേണ്ടി ഏകയാഗം കഴിച്ചതിന്റെ മാറ്റ് ഇവർ കുറച്ചുകളയുകയും ചെയ്യുന്നു. “യേശുവോ പാപങ്ങൾക്കുവേണ്ടി ഏകയാഗം കഴിച്ചിട്ട് എന്നേയ്ക്കും ദൈവത്തിന്റെ വലതുഭാഗത്തിരുന്നുകൊണ്ട് തന്റെ ശത്രുക്കൾ തന്റെ പാദപീഠമാകുവോളം കാത്തിരിക്കുന്നു. ഏക യാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സദ്ഗുണപൂർത്തിയും വരുത്തിയിരിക്കുന്നു'' (എബ്രാ.10:12–14). പുരോഹിതന്മാർ ദൈവജനത്തെ, സത്യദൈവത്തെ ആരാധിക്കാൻ വിടാതെ തങ്ങളെയും തങ്ങളുണ്ടാക്കിയ വിഗ്രഹങ്ങളെയും, തങ്ങളുണ്ടാക്കിയ ബഹുകൂദാശകളെയും, തങ്ങളുണ്ടാക്കിയ മറിയം ഉൾപ്പെടെ ബഹുമദ്ധ്യസ്ഥന്മാരെയും ആരാധിക്കുവാനും വണങ്ങുവാനും ശക്തമായ പ്രേരണകൂടി ചെയ്യുക എന്ന മറ്റൊരു മഹാപാപംകൂടി ചെയ്യുന്നു. തീർന്നില്ല, സത്യസുവിശേഷം കേൾക്കാൻ പോകുന്നവരെയും അത് പ്രചരിപ്പിക്കുന്നവരെയും പരിഹസിക്കുകയോ, വിലക്കുകയോ മഹറോൻ ചൊല്ലുകയോ ചെയ്യുന്നു. ഇത്രയേറെ മഹാപാപങ്ങൾ ചെയ്യുന്ന മറ്റൊരു പാപിയും ലോകത്തിൽ ഒരു ജാതിയിലൊ, മതത്തിലോ, രാഷ്ട്രീയത്തിലൊ കാണുകയില്ല.

# Fundamental Knowledge of True Theology - Chapter : 22
# പാപശാസ്ത്രം Hamartiology
## ഭാഗം 2 PART 2

**പൗരോഹിത്യപാപം - തുടർച്ച**

തിരുസഭാചരിത്രം എന്ന മഹത്ഗ്രന്ഥം പഠിക്കാത്ത ചരിത്രാന്വേഷികൾ കാണുകയില്ല. പ്രൊഫ.റവ.ഡോ.സേവ്യർ കൂടപ്പുഴയാണ് തിരുസഭാചരിത്രത്തിന്റെ രചയിതാവ്. പെന്തക്കോസ്ത് പാസ്റ്റർമാരോ ബ്രദറന്മാരുടെ ബ്രദേഴ്സോ ആരുമല്ല. 41–ാം അദ്ധ്യായത്തിലെ ഏതാനും ആശയങ്ങളാണ് നമ്പറിട്ട് എഴുതുന്നത്.

1. റോമൻ കത്തോലിക്കാസഭ റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായതോടെ രാഷ്ട്രത്തിന്റെ സംഘടനാ സ്വഭാവം സഭയിലേക്ക് കടന്നുവന്നു (പേജ് 1163).

2. ഭൗതികതയുടെ അതിപ്രസരണം സഭയിൽ ഉണ്ടായി. ഫ്യൂഡലിസം ശക്തമായതോടെ അംശവടി, മോതിരം, മുട്ടുകുത്തി കൈ മുത്തുന്നരീതി, ഡോം, പ്രഭു, മോൺസിഞ്ഞോർ എന്നീ അഭിസംബോധനാരൂപങ്ങളും പെരുമാറ്റചട്ടങ്ങളും സഭാജീവിതശൈലിയിൽ സ്ഥാനം പിടിച്ചു (പേജ് 1165).

3. പ്രഭുകുടുംബങ്ങൾ പാപ്പാസ്ഥാനം കയ്യടക്കുവാൻ കരുക്കൾ നീക്കുക പതിവായി. കോൺസ്റ്റന്റൈൻ ചക്രവർത്തി പുറപ്പെടുവിച്ച ചക്രവർത്തിയുടെ ദാനം എന്ന രേഖയുടെ പിൻബലത്തിൽ കിരീടം ചുവന്ന കിരീടം, ചുവന്ന പുറംകുപ്പായം, ചുവന്ന ഷൂസ്, മൂന്ന് നിലയുള്ള കിരീടം കർദ്ദിനാൾമാർ ഉൾപ്പെടെയുള്ള സെനറ്റ്സംവിധാനം, ഭരണകേന്ദ്രത്തിന് കൂരിയ എന്ന പദപ്രയോഗം അകമ്പടി, പെരുമാറ്റച്ചട്ടം എന്നിവയൊക്കെ ഇക്കൂട്ടത്തിൽപെടുന്നു.

4. ബൈബിളിനേക്കാൾ പ്രാധാന്യം പാപ്പാസ്ഥാനത്തിന്റെ അധികാരവും സ്വാധീനവും സ്ഥാപിക്കുന്നതിന് വേണ്ടിയായിരുന്നു (പേജ് 1166).

5. ദൈവശാസ്ത്രപരമായി യാതൊരു പരിജ്ഞാനവുമില്ലാത്ത ഇവർ ഇൻക്വിസിഷൻ ക്യാമ്പുകൾ നടത്തി ദൈവജനത്തെ സപ്പോർട്ട് ചെയ്യുന്നവരെ ദ്രോഹിച്ചുകൊണ്ടിരുന്നു. ഡൊമിനിക്കൻ അച്ചന്മാരെയും ഫ്രാൻസിസ്ക്കൻ അച്ചൻമാരെയുമാണ് ഇൻക്വിസിഷൻ കോടതി നടത്താൻ നിയോഗിച്ചത്. കൂടാതെ 1. വിശുദ്ധന്മാരുടെ നാമകരണം 2. തിരുശേഷിപ്പുകൾ സാക്ഷ്യപ്പെടുത്തുക 3. പ്രത്യേക ആനുകൂല്യങ്ങൾ നൽകുക 4. ദണ്ഡവിമോചനങ്ങൾ നൽകുക 5. ആർച്ച്ബിഷപ്പുമാർക്കും ക്രിസ്തുവിന്റെ വികാരി എന്നറിയപ്പെടുന്ന പാപ്പായ്ക്കും ഉയർന്ന അധികാരങ്ങൾ നൽകുക മുതലായവയും ദൈവവചനത്തെ മറികടന്നുകൊണ്ട് ചെയ്തു (പേജ്.1169).

6. അധികാരലഹരിയിൽ മുഴുകുന്ന സഭാരാധികൾ സ്വന്തം പദവിയും അധികാരവും സ്വാധീനവുമൊക്കെ ശാശ്വതീകരിക്കാൻ വിശുദ്ധലിഖിതത്തിന്റെ പിൻബലം നേടി എന്ന (മഹാപാപം) ദു:ഖസത്യംകൂടി അറിയിക്കട്ടെ (പേജ്.1170).

7. 1 പത്രോ.2:9 ''നിങ്ങൾ അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ അത്ഭുതപ്രവൃത്തികൾ പ്രഖ്യാപിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധ വംശവും ദൈവത്തിന്റെ സ്വന്തം ജനവുമാകുന്നു'' എന്ന വചനത്തിന്റെ പിൻബലത്തിൽ രാജാക്കന്മാരെയും രാജ്യങ്ങളെയും ശിക്ഷിക്കുന്നതിനും നശിപ്പിക്കുന്നതിനുമുള്ള രാജകീയപൗരോഹിത്യം മാർപാപ്പാമാർ അവകാശപ്പെട്ടു (പേജ്.1170–1171).

8. കർത്താവിന്റെ പീഢാനുഭവത്തിന്റെ ആരംഭത്തിൽ നിങ്ങളുടെ പക്കൽ എന്തുണ്ട് എന്ന് ചോദിച്ച അവസരത്തിൽ ഞങ്ങളുടെ പക്കൽ രണ്ട് വാളുണ്ട് എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 'ദ്വിഖഡ്ഗവാദം' (Theory of Two Swards) ആരംഭിച്ചു. താമസിയാതെ ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി മുതലായ രാജ്യങ്ങളോട് വഴക്കടിക്കുവാൻ മാർപാപ്പാ തയ്യാറായി. ഇങ്ങനെ വചനത്തെ തെറ്റായി വ്യാഖ്യാനിച്ചു എന്ന പാപം നാം കാണുന്നു (പേജ് 1172).

9. "പത്രോസെ നീ പാറയാണ് ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും (പത്രോസിന് കിട്ടിയതുപോലെയുള്ള വിശ്വാസവും വെളിപാടും എന്ന പാറമേലാണ് സഭയെ പണിയുക എന്നതാണ് പരിശുദ്ധാത്മാവ് നൽകുന്ന അർത്ഥം). നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല; സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ നിനക്ക് ഞാൻ തരും; നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും, നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്താ.16:18,19) എന്ന വചനമുപയോഗിച്ച് മാർപാപ്പായും റോമാസഭയും രാജകീയ വ്യവസ്ഥകൾ സഭയിൽ രൂപപ്പെടുത്താൻ ശ്രമിക്കുകയാണ് ചെയ്തത് (പേജ് 1173).

10. ''നിങ്ങളുടെയിടയിൽ അപ്രകാരമായിരിക്കരുത് എന്ന് ഈശോ വ്യക്തമായ മുന്നറിയിപ്പ് നൽകി. പീഡാസഹനത്തെ എതിർത്ത പത്രൊസിനെ "സാത്താനെ, നീ എന്റെ മുമ്പിൽ നിന്ന് പോകൂ; നീ എനിക്ക് പ്രതിബന്ധമാണ്; കാരണം നിന്റെ




ചിന്ത വെറും മാനുഷികമാണ്, ദൈവീകമല്ല" (മത്താ.16:23) എന്ന് പറഞ്ഞ് ശാസിച്ചതിൽ നിന്ന് ഈശോ പത്രൊസിന് നൽകിയ ശുശ്രൂഷാ നേതൃത്വത്തിന്റെ സ്വഭാവം വ്യക്തമാണല്ലോ. ത്യാഗോജ്വല ജീവിതത്തിലൂടെയാണ് അജപാലനനേതൃത്വം ക്രൈസ്തവമാകുന്നത്. അപ്രകാരമല്ലെങ്കിൽ അത് പൈശാചികമായി മാറുമെന്നാണ് സുവിശേഷ ഉപദേശം. (പേജ് 1173)

തിരുവെഴുത്തുകളെയും, ആത്മാവിലും സത്യത്തിലുമുള്ള സത്യാരാധനയെയും, തെറ്റായി വ്യാഖ്യാനിക്കേണ്ടതിന്, നൂറ്റാണ്ടുകളായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന മാർപാപ്പാമാരും കർദ്ദിനാളുമാരും ബിഷപ്പുമാരും അവർക്ക് അടിമപണിയെടുക്കുന്ന വൈദികരും ഈ പ്രപഞ്ചത്തിൽനിന്ന് തുടച്ച് മാറ്റപ്പെടുകയോ, അവർ മാനസാന്തരപ്പെടുകയോ ചെയ്യുന്നിടംവരെ അവരുടെ തെറ്റായ കൂദാശകളും അവരുടെ തെറ്റായ പുണ്യവാളപുണ്യവതീ, മറിയ വണക്കങ്ങളും എന്ന അടിസ്ഥാനവേദോപദേശത്തിന്റെ മുകളിൽ, ആയിരമായിരം സേവ്യർഖാൻ വട്ടായിമാർ, അഭിഷേകാഗ്നിയോഗങ്ങൾ വാരിക്കോരി ഇട്ടാലും സാത്താന്റെ നരകാഗ്നി ആ ശുശ്രൂഷകളുടെമേൽ ആളിക്കത്തുകതന്നെ ചെയ്യും. ദൈവം തമ്പുരാന്റെ വചനങ്ങൾക്ക്, ലോക ഇസ്ലാം മതസമൂഹവും ഹൈന്ദവ മതസമൂഹവും പോലും കൊടുക്കുന്നതിനേക്കാൾ കുറഞ്ഞ പ്രാധാന്യവും ദൈവവചനത്തെ എതിർക്കുന്ന മനോഭാവവും ആണ് കത്തോലിക്കർ കൊടുക്കുന്നതെന്നിരിക്കെ പത്ത്പ്രമാണങ്ങളുടേയും ലംഘനത്തേക്കാളും ഭീകരമായ ലംഘനമാണ്, പാപമാണ് ഈ കോടാനുകോടികൾ ചെയ്യുന്നതെന്ന പ്രവാചകസത്യം അറിയിച്ചുകൊള്ളട്ടെ! "അവനിൽ വിശ്വസിക്കുന്നവന് ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു. ന്യായവിധിയോ, വെളിച്ചം ലോകത്തിലേക്ക് വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതുതന്നെ" (യോഹ.3:18,19,20).

ക്രിസ്തുവിലും ബൈബിളിലും വിശ്വസിക്കുന്നതിനേക്കാൾ പ്രാധാന്യം ഇവർ ബിംബാരാധനയ്ക്കും മറിയാരാധാനയ്ക്കും പാപ്പാബിഷപ്പാരാധനയ്ക്കും തെറ്റായ കൂദാശകൾക്കും മഹാമദ്യപാനത്തിനും കൊടുക്കുന്നു. ഏതെങ്കിലും പള്ളികളിൽപോയി ഹൃദയം തുറന്ന് പ്രാർത്ഥിച്ചുകഴിയുമ്പോൾ, ഏതെങ്കിലും വിധത്തിൽ കൊന്തചൊല്ലി ആവർത്തിച്ചുകഴിയുമ്പോൾ അവരിൽ ചിലരുടെ യഥാർത്ഥപശ്ചാത്താപവും നിലവിളിയും കേൾക്കുന്ന യഥാർത്ഥ ദൈവം ചില രോഗശാന്തികളോ ജോലിശാന്തികളോ സുഖപ്രസവശാന്തികളോ നൽകുമ്പോൾ, ഞങ്ങളുടെ പ്രാർത്ഥനയും ഞങ്ങളുടെ പുണ്യവാളനമസ്ക്കാരവും ശരിതന്നെ എന്ന ധാരണയിൽ പാവം ജനകോടികൾ സത്യത്തിന് അനുകൂലമാകാതെയിരിക്കുവാൻ സൂത്രശാലിയായ സാത്താൻ വേണ്ടതൊക്കെ ചെയ്തുകൊണ്ടിരിക്കുന്നു. "നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ. നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്വാനും ഇച്ഛിക്കുന്നു. അവൻ ആദിമുതലേ കൊലപാതകൻ ആയിരുന്നു. അവനിൽ സത്യം ഇല്ലായ്ക കൊണ്ട് സത്യത്തിൽ നിലനിൽക്കുന്നുമില്ല. അവൻ ഭോഷ്ക് പറയുമ്പോൾ സ്വന്തത്തിൽനിന്ന് എടുത്തു പറയുന്നു. അവൻ ഭോഷ്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു" (യോഹ.8:44).

## വിവാഹത്തിന്റെ മാന്യത

വിവാഹം ഏറ്റവും മാന്യമായിരിക്കണമെന്ന് നിഷ്ക്കർഷിച്ചതും ആദ്യവിവാഹം നടത്തിക്കൊടുത്തതും യഹോവയായ ദൈവമാണെന്ന് പറയാം. ഇത് മനുഷ്യബുദ്ധിയിൽ രൂപംകൊണ്ടതല്ല. ദൈവീകാലോചനയുടെ ഫലമാണ്. ഉല്പ.2:24-ൽ "അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും. അവർ ഏകദേഹമായിത്തീരും" എന്ന് തിരുവെഴുത്ത് പറയുന്നു. ദൈവീകത്രിത്വത്തിലെ മൂന്ന് ആളത്തങ്ങളും ചേർന്ന് ഏക ആളത്തമാകുന്ന നാനാത്വത്തിലെ ഏകത്വം എന്ന സവിശേഷത ഭർത്താവും ഭാര്യയും മക്കളും ചേർന്നുണ്ടാകും എന്നതാണ് വിവാഹജീവിതത്തിന്റെ ദൈവശാസ്ത്രപരമായ വശം. സഭാപ്ര.4:12-ൽ ഇപ്രകാരം പറയുന്നു "മുപ്പിരിചരട് വേഗത്തിൽ അറ്റുപോകയില്ല". വിവാഹമോചനത്തിന്റെ സാധ്യതയെക്കുറിച്ച് യേശു ക്രിസ്തു എന്താണ് പറയുന്നത്: "പരീശന്മാർ അവന്റെയടുക്കൽ വന്ന് ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ എന്ന് അവനെ പരീക്ഷിച്ച് ചോദിച്ചു. അതിന് അവൻ: സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അത് നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും എന്നരുളിച്ചെയ്തു എന്ന് നിങ്ങൾ വായിച്ചിട്ടില്ലയോ?




അതുകൊണ്ട്, അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത് എന്നുത്തരം പറഞ്ഞു. അവർ അവനോട്: എന്നാൽ ഉപേക്ഷണപത്രം കൊടുത്തിട്ട് അവളെ ഉപേക്ഷിപ്പാൻ മോശെ കല്പിച്ചതെന്ത് എന്ന് ചോദിച്ചു. അവൻ അവരോട്: നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രെ ഭാര്യയെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചത്: ആദിയിൽ അങ്ങനെയല്ലായിരുന്നു'' (മത്താ.19:3-8). ദൈവഹിതം തേടിയുള്ള വിവാഹത്തിന്റെ കാര്യമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഏതെങ്കിലും മതമോ മാട്രിമോണിയൽ വെബ്സൈറ്റിൽ കണ്ടിട്ട് ആലോചിച്ചതോ പ്രേമിച്ച്സംഘടിപ്പിച്ചതോ ആയ വിവാഹമല്ല - ദൈവഹിതപ്രകാരമുള്ള വിവാഹബന്ധം മോചിപ്പിക്കുവാൻ സർക്കാരിനോ കോടതിക്കോ സഭാനേതൃത്വത്തിനോ യാതൊന്നിനും അധികാരമില്ല. "ആദിയിൽ അങ്ങനെയല്ലായിരുന്നു" എന്നു പറഞ്ഞുകൊണ്ട്, കർത്താവ്, ഏതുതരം ഡൈവോഴ്സ് ചിന്തയെയും ആണിയടിക്കുകയാണ്. ഈ ആണിക്കിളക്കം തട്ടുന്ന എല്ലാ ചിന്തകളും വാക്കുകളും ബഹളങ്ങളും കോർട്ടിനെ സമീപിക്കുന്നതും എല്ലാമെല്ലാം പാപമാണ്.

**വിവാഹ ബന്ധത്തിലെ സമൂഹശാസ്ത്രപരവും നീതിശാസ്ത്രപരവുമായ കാര്യങ്ങൾ**

സമൂഹത്തിന്റെ കെട്ടുറപ്പിനും വിശുദ്ധിക്കും അനിവാര്യമായ ഒന്നാണ് വിവാഹബന്ധം. സമൂഹത്തിലുണ്ടാകുന്ന എല്ലാവിധ സാംസ്ക്കാരികവും വൈകാരികവുമായ അപജയങ്ങൾക്കും കാരണം ലൈംഗീകമായ പക്വതക്കുറവുകളാണ്. പക്വത ലഭിക്കുവാൻ വിവാഹബന്ധം കൂടിയേ തീരു. മലാഖി പ്രവാചകൻ 2:14-ൽ "യഹോവ നിനക്കും, നീ അവിശ്വസ്ത കാണിച്ചിരിക്കുന്ന നിന്റെ യൗവ്വനത്തിലെ ഭാര്യക്കും മദ്ധ്യേ സാക്ഷിയായിരിക്കുന്നതുകൊണ്ടുതന്നെ, അവൾ നിന്റെ കൂട്ടാളിയും നിന്റെ ധർമ്മപത്നിയുമല്ലോ."

മനുഷ്യന്റെ ഏകത്വം നല്ലതല്ലെന്ന് കണ്ടതിനാൽ അവന് ഒരു ധർമ്മപത്നി എന്ന കൂട്ടാളിയെ കൊടുക്കുകയായിരുന്നു. എബ്രാ.13:4,5,6-ൽ : "വിവാഹം എല്ലാവർക്കും മാന്യവും, കിടക്ക നിർമ്മലവും ആയിരിക്കട്ടെ. എന്നാൽ ദുർനടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും. നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ." "ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല" എന്ന് അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ കർത്താവ് എനിക്കു തുണ. ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോട് എന്ത് ചെയ്യും"? (സങ്കീ.118:6). എന്ന് നമുക്ക് ധൈര്യത്തോടെ പറയാം.

വിവാഹം എല്ലാവർക്കും മാന്യമാണെന്ന് ആദം ഹവ്വാമാരുടെ സൃഷ്ടിയിലൂടെ ദൈവം വെളിപ്പെടുത്തി. സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവാൻ അവരെ അനുഗ്രഹിക്കുകയും അവരോട് കല്പിക്കുകയും ചെയ്തുവല്ലോ. കടിഞ്ഞാണില്ലാത്ത ലൈംഗികസുഖഭോഗത്തെ ബൈബിൾ ഒരിക്കലും അംഗീകരിക്കുകയില്ലെന്ന് മാത്രമല്ല, അത് ദൈവതിരുമുമ്പിൽ പാപവുമാണ്. ആവ.24:5-ൽ വിവാഹിതനായ പുരുഷൻ യുദ്ധംചെയ്യാൻ പോലും പോകാതെ, വിവാഹം കഴിച്ചാൽ ഒരു വർഷത്തേക്ക് തന്റെ ഭാര്യയെ സന്തോഷിപ്പിക്കണമെന്നാണ് എഴുതിയിരിക്കുന്നത്. 1 കൊരി.7-ൽ 2-5 വാക്യങ്ങളിൽ ''സ്ത്രീയെ തൊടാതിരിക്കുന്നത് മനുഷ്യന് നല്ലത്. എങ്കിലും ദുർന്നടപ്പ് നിമിത്തം ഓരോരുത്തന് സ്വന്തഭാര്യയും ഓരോരുത്തിക്ക് സ്വന്തഭർത്താവും ഉണ്ടായിരിക്കട്ടെ. ഭർത്താവ് ഭാര്യയ്ക്കും ഭാര്യ ഭർത്താവിനും കടപ്പെട്ടിരിക്കുന്നത് ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല ഭർത്താവിനത്രേ അധികാരമുള്ളത്; അങ്ങനെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല ഭാര്യയ്ക്കത്രേ അധികാരം. പ്രാർത്ഥനയ്ക്ക് അവസരമുണ്ടാകാൻ, ഒരു സമയത്തേക്ക് പരസ്പര സമ്മതത്തോടെയല്ലാതെ തമ്മിൽ വേർപെട്ടിരിക്കരുത്. നിങ്ങളുടെ അജിതേന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിന് വീണ്ടും ചേർന്നിരിപ്പിൻ.'' പുരുഷനാകട്ടെ, സ്ത്രീയാകട്ടെ അവരുടെ ഏകാന്തതകളിലും കൂട്ടുകാരോട് ചേർന്നുള്ള സ്വതന്ത്രസംഭാഷണവേളകളിലും ഉല്ലാസത്തോടുകൂടിയ വീഡിയോ കാണലുകളും ചാറ്റിംഗ് സന്ദർഭങ്ങളിലുമൊക്കെ, ഫെയ്സ്ബുക്ക്-വാട്സ്അപ്പ് ഉപയോഗിക്കലുകളിലുമൊക്കെ, സ്വതന്ത്രമായ ഭോഗസംസാരരീതികളും ഭോഗവാസനകളിലേക്കുമൊക്കെ ലയിക്കുവാൻ സാധ്യതയുള്ളപ്പോൾ 1 കൊരി.7:7-ൽ പറയുന്നതുപോലെ അഴലുന്നതിനേക്കാൾ വിവാഹം ചെയ്തേക്കുക. ജിതേന്ദ്രിയത്വം ഉണ്ടെന്ന് വാക്കുകൾകൊണ്ട് ഭാവിക്കുകയും പറയുകയും ചെയ്കയും രഹസ്യമായി പ്രേമ-കാമ കേളികൾക്കുള്ള വാതിലുകൾ അടച്ചിടുകയും ചെയ്യേണ്ടതുണ്ട്. അതിനുള്ള ഏറ്റവും നല്ല അവസരമാണ്




വിവാഹജീവിതം. മാത്രമല്ല, വാശിപിടിച്ചും വാക്കിലും നോക്കിലും അണ്ടിയോ മാങ്ങയോ മൂത്തതെന്ന ഈഗോ ക്ലാഷിലും, ഔദ്യോഗികപദവിയോ നിറമോ വയസ്സോ ഏവയെങ്കിലും ഉണ്ടാകാവുന്നതോ, സ്ത്രീധനം, പുരുഷന്റെ ആളുകൾ ഡിഗ്രിയെപ്പറ്റി പറഞ്ഞതോ, സ്വത്തിനെപ്പറ്റി നേരത്തെ പ്രതീക്ഷിച്ചതോ ആയ കാര്യങ്ങളിൽ ദമ്പതികൾ പിണങ്ങിക്കഴിയുന്നതോ ഒക്കെ പാപവും പാപസാഹചര്യങ്ങളുമാണ്.

ലൈംഗികവൈകൃതങ്ങളും പാപം തന്നെ. റോമ.1:24 മുതൽ 27 വരെ കുറിയ്ക്കാം. "അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അപമാനിക്കേണ്ടതിന് അശുദ്ധിയിൽ ഏല്പിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭജിച്ച് ആരാധിച്ചു. അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ. അതുകൊണ്ട് ദൈവം അവരെ അപമാനരാഗങ്ങളിൽ ഏല്പിച്ചു''. (സ്ത്രീപുരുഷ ജനനേന്ദ്രിയങ്ങളുടെ യഥാർത്ഥമായ പരസ്പരപ്രവേശനമൊഴികെയുള്ള ശരീരഭാഗങ്ങളെയും ഇതര ജീവമൃഗജാലങ്ങളെയും ശൈശവബാല്യപ്രായക്കാരോട് ചേരുന്നതിനെയുമൊക്കെ അപമാനരാഗമെന്ന വാക്കിൽ ദൈവം ഉൾപ്പെടുത്തിയിരിക്കുന്നു. പുരുഷന്മാർ പുരുഷന്മാരോട് ചേരുന്നതും സ്ത്രീകൾ സ്ത്രീകളുമായി ചേരുന്നതുമൊക്കെ പ്രകൃതിവിരുദ്ധവും അപമാനരാഗത്തിൽ ഉൾപ്പെടുന്നതുമാണ്. സ്വയംഭോഗചിന്തയും, അതിൽ തൽപ്പരരാകുന്നതും, മനോരോഗസ്വഭാവമായ സ്വയംഭോഗത്തിനടിമയാകുന്നതും



പാപംതന്നെയാണ്). അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം, പുരുഷന്മാരും സ്വാഭാവികസ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായി പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന് യോഗ്യമായ പ്രതിഫലം തങ്ങളിൽതന്നെ പ്രാപിച്ചു."

**മദ്യപാനം**

റോമ.13-ൽ 13-ഉം 14-ഉം വചനങ്ങൾ കുറിക്കട്ടെ. "പകൽ സമയത്തെന്നപോലെ നാം മര്യാദയായി നടക്ക. വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും, ദുഷ്ക്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല, കർത്താവായ യേശുക്രിസ്തുവിനെ തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്." മദ്യപാനിക്ക് സ്വർഗ്ഗരാജ്യം ലഭിക്കുകയില്ല. മദ്യപാനത്തോടെ പുകവലി, കഞ്ചാവ് വലി, മയക്കുമരുന്ന് ഉപയോഗം മുതലായവയിലേക്കും ഇതരസ്ത്രീപുരുഷ പ്രേമകാമവാസനകളിലേക്കും ചുംബനസമരം പോലെയുള്ള നിഷേധാത്മകവാസനകളിലേക്കും ഒക്കെ പോകുമ്പോൾ സംഭവിക്കുന്നത് പരിശുദ്ധാത്മനിറവ് ലഭിക്കാതെ പോകുന്നു എന്നതാണ്.

1 കൊരി.6-ാം അദ്ധ്യായം 10-ഉം, 11-ഉം വചനങ്ങൾ കുറിക്കട്ടെ. ''നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ. ദുർനടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ (ദൂഷകന്മാർ) പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു: എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു."

**മദ്യപാനം കഞ്ചാവും മയക്കുമരുന്നും സിഗരറ്റും**

ഇവയെല്ലാം പാപങ്ങൾതന്നെ. ഇവ നമ്മുടെ "നോർമ്മൽഹെൽത്തിനെ" തീർച്ചയായും തകരാറിലാക്കും. ബുദ്ധിയേയും തകരാറിലാക്കും. ആത്മാവിനെ പാപാന്ധകാരത്തിലാക്കും. മനുഷ്യശരീരം ദൈവത്തിന്റെ ആലയമായിരിക്കെ (1 കൊരി.3:16,6:19) മനുഷ്യശരീരത്തെ രോഗാതുരവും പാപാധീനവും ആക്കുന്ന മദ്യപാനവും




പുകവലിയും മയക്കുമരുന്നുപയോഗങ്ങളും മഹാപാപം തന്നെയെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ചിലർ ന്യായീകരിച്ചുകൊണ്ട് അതുപയോഗിക്കുമ്പോൾ അത് കൂടുതൽ ക്ഷമിക്കപ്പെടാത്ത പാപമായിത്തീരുകയാണ്.

**ആൽക്കഹോൾ**

മനുഷ്യശരീരത്തിലെത്തുന്ന മദ്യത്തിലുള്ള ആൽക്കഹോൾ (Alcohol)) കേന്ദ്രനാഡീവ്യൂഹത്തെ മന്ദിപ്പിച്ച് ബുദ്ധിപരമായും ആരോഗ്യപരമായും ആത്മീയമായും വ്യക്തിയെ അധ:പതിപ്പിക്കുകയാണ് ചെയ്യുന്നത്. കുടി തുടങ്ങുന്ന ആദ്യനാളുകളിൽ ചെറിയൊരാനന്ദവും ഉത്തേജനവും ആവേശവും നൽകാതിരിക്കുന്നുമില്ല, മദ്യം.

കേന്ദ്രനാഡീവ്യൂഹത്തിൻമേലുള്ള ആകർഷണ തയിൽ ആദ്യത്തേത് ഉപയോഗിക്കുന്ന മദ്യത്തിന്റെ അളവ് കൂട്ടാനുള്ള പ്രവണതയാണ്. ഓരോ ആഴ്ചയും കഴിയുമ്പോൾ ലഹരി കൂടുതൽ സ്വീകരിക്കാനുള്ള ശരീരത്തിന്റെ പ്രവണത വർദ്ധിച്ച് വരും. കാരണം ശരീരവും മനസ്സും മദ്യത്തോട് കൂടുതൽ സഹിഷ്ണുത വളർത്തുന്നു.

കിട്ടേണ്ടിടത്തോള മദ്യം കിട്ടാതെ വരുമ്പോൾ പിന്മാറ്റാസ്വാസ്ഥ്യങ്ങൾ അനുഭവപ്പെടും. ശരീരവും മനസ്സും മദ്യത്തിനടിപ്പെട്ട് കഴിഞ്ഞതുകൊണ്ടാണ് ഇങ്ങനെ അനുഭവപ്പെടുന്നത്. അടുത്ത ഘട്ടത്തിൽ മദ്യത്തിന്റെ മേൽ ‘കുടിയന്’ നിയന്ത്രണമില്ലാതെ വരും. കുടി നിർത്താമെന്ന് പറയും, പക്ഷെ സാധിക്കില്ല.

മാനസികസമ്മർദ്ദമൊഴിവാക്കാനും കമ്പനികൂടാനും വല്ലപ്പോഴും കുടിക്കുന്നവരാണ് ഒടുവിൽ കുടി നിർത്താനാകാതെ ഭ്രാന്തന്മാരാകുന്നത്. പല കുടിയന്മാർക്കും ക്രമത്തിൽ ലൈംഗീകശേഷി കുറഞ്ഞുപോകും. അവരുടെ ഭാര്യാപദത്തിലുള്ളവർ വിഷാദരോഗത്തിനടിപ്പെട്ട് പോകും. കുട്ടികളൊക്കെ സമാധാനം നഷ്ടപ്പെട്ട് പഠിക്കാത്തവരും പ്രാർത്ഥിക്കാത്തവരുമാകും. കുടിയന്മാർ പലതും ഒളിക്കും. അഭിനയിക്കും. ഇവയൊക്കെയും പാപംതന്നെ. മദ്യത്തിന്റെ രാസവാണിജ്യനാമം ഈഥൈൽ ആൽക്കഹോൾ ($C_2H_5OH$) എന്നാണ്. പുകയിലയുടേത് നിക്കോട്ടിൻ ($C_{10}H_{14}N_2$) എന്നുമാണ്. യുവജനങ്ങൾക്കിടയിലാണ് മയക്കുമരുന്നാസക്തി കൂടുതൽ. യുവാക്കൾ ഈ ആസക്തികളുടെ പിന്നാലെ പോകുമ്പോൾ മുതിർന്നവർ അവരെ മന:ശാസ്ത്രപരമായി സമീപിച്ച്, സ്നേഹിച്ചും ചികിത്സിച്ചും അവരെ രക്ഷപ്പെടുത്തുന്നതിന് പകരം അവരെ നഷ്ടപ്പെട്ടവരായി കണ്ട് അവർക്ക് പുറം തിരിഞ്ഞ് നിൽക്കുന്നു. രണ്ടും പാപമാണ്. സമഗ്രമായ ചികിത്സാരീതിയും ദൈവവചനത്തിലേക്ക് അവരെ തിരിച്ചുവിടുകയും ചെയ്താൽ അവരെയൊക്കെ നമുക്ക് രക്ഷപ്പെടുത്തിയെടുക്കാവുന്നതാണ്. അതുപോലെതന്നെ അവരുടെ കുറ്റകൃത്യങ്ങളെ കഠിനകുറ്റകൃത്യങ്ങളായി കരുതേണ്ടതില്ല. കൂടുതലായി ഉപയോഗിക്കുന്ന മയക്കുമരുന്നുകളിൽ കഞ്ചാവും, കറുപ്പും ഉൾപ്പെടുന്നു. ഹെറോയിനും എൽ.എസ്.ഡിയും കൊക്കെയ്നും ആംഫിറ്റമിനും ചരസ്സും മാരിജ്വാനയും ഒക്കെ ഉൾപ്പെടുന്നു. വെളുപ്പും തവിട്ടു നിറവും കലർന്ന ഒരുതരം പൊടിയാണ് ബ്രൗൺഷുഗർ. സിങ്ക് ഓക്സൈഡും, എലിവിഷവും ഉമ്മത്തിൻ കായും, ചുണ്ണാമ്പും, ഫിനോളും, ഹെറോയിനും ഒക്കെ ചേർത്താണ് ബ്രൗൺഷുഗർ ഉണ്ടാക്കുന്നത്. ബോംബെ പോലുള്ള വൻ നഗരങ്ങളിൽ രണ്ട് ലക്ഷം പേരെങ്കിലും ബ്രൗൺഷുഗറിന് അടിമകളാണെന്നാണ് ചില പ്രസിദ്ധീകരണങ്ങളിൽ കാണുന്നത്. ഓരോ വർഷവും ഡസൻ കണക്കിന് ആളുകൾ ഇവയ്ക്കടിമപ്പെട്ട് മരണം മൂലവും വേർപെടുന്നുണ്ട്.

ഞാനീ എഴുതിവരുന്നത് പാപശാസ്ത്രം എന്ന വിഷയത്തിൽ ബൈബിളിലെ പത്ത് പ്രമാണങ്ങളും അതിന്റെ വിശദാംശങ്ങളും ആയിരത്തി ഇരുനൂറോളം വരുന്ന സഹനിയമങ്ങളിലും ഒക്കെ പെട്ട ഒട്ടനവധി കാര്യങ്ങൾ ഉണ്ടെന്നാണ്. എഴുതുന്ന നമ്പരുകളിൽ ഒതുങ്ങുന്നില്ല പാപം. മനുഷ്യന്റെ ആത്മാവിനും, മനസ്സിനും, ശരീരത്തിനും, കുടുംബജീവിതത്തിനും, സഭാജീവിതത്തിനും, സാമൂഹ്യജീവിതത്തിനുമൊക്കെ തടസ്സമായി നിൽക്കുന്ന വിശുദ്ധമായ കാര്യങ്ങളല്ലാത്തതൊക്കെ പാപമാണ്. അപ്പോൾ നാം ആലോചിക്കണം, എങ്കിൽ പിന്നെ പുണ്യം അഥവാ വിശുദ്ധി ഏതാണെന്ന്. പെട്ടെന്ന് ഉത്തരം ലഭിക്കും. ദൈവത്തിനും ദൈവവചനത്തിനും പരിശുദ്ധാത്മാവിനും അനുകൂലമായതൊക്കെയും പുണ്യമാണ് എന്ന്.

**വിഗ്രഹാരാധന എന്ന പാപം**

താൻ ബെഥേലിൽ എത്തുന്നതിന് മുമ്പ് വിഗ്രഹങ്ങളെ നീക്കിക്കളയുവാൻ യാക്കോബ് കല്പിച്ച സംഭവം ഉല്പ.35-ൽ 1 മുതൽ 5വരെ വചനങ്ങളിൽ ഉണ്ട്. “അനന്തരം ദൈവം യാക്കോബിനോട്: നീ പുറപ്പെട്ട് ബെഥേലിൽ ചെന്ന് പാർക്ക. നിന്റെ യഹോദരനായ യേശാവിന്റെ മുമ്പിൽ നിന്ന് നീ ഓടിപ്പോകുമ്പോൾ നിനക്ക് പ്രത്യക്ഷനായ ദൈവത്തിന്




അവിടെ ഒരു യാഗപീഠം ഉണ്ടാക്കുക എന്ന് കല്പിച്ചു. അപ്പോൾ യാക്കോബ് തന്റെ കുടുബത്തോടും കൂടെയുള്ള എല്ലാവരോടും: നിങ്ങളുടെയിടയിലുള്ള അന്യദേവന്മാരെ നീക്കിക്കളഞ്ഞ് നിങ്ങളെ ശുദ്ധീകരിച്ച് വസ്ത്രം മാറ്റുവിൻ. നാം പുറപ്പെട്ട് ബെഥേലിലേക്ക് പോക; എന്റെ കഷ്ടകാലത്ത് എന്റെ പ്രാർത്ഥന കേൾക്കയും ഞാൻ പോയ വഴിയിൽ എന്നോടുകൂടെ ഇരിയ്ക്കുകയും ചെയ്ത ദൈവത്തിന് ഞാനവിടെ ഒരു യാഗപീഠം ഉണ്ടാക്കും എന്നു പറഞ്ഞു. അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെയൊക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു (ഇത് സ്വർണ്ണവിരോധംകൊണ്ടല്ല, അന്യദേവന്മാർക്ക് കൂടോത്ര മന്ത്രവാദംകൊണ്ട് നേദിച്ച കുണുക്കുകൾ ആയിരുന്നതുകൊണ്ടാണ്). യാക്കോബ് അവയെ ശെക്കേമിനരികെയുള്ള കരുവേലകത്തിൻ കീഴെ കുഴിച്ചിട്ടു. പിന്നെ അവർ യാത്ര പുറപ്പെട്ടു; അവർ ചുറ്റും ഇരുന്ന പട്ടണങ്ങളുടെമേൽ ദൈവത്തിന്റെ ഭീതി വീണതുകൊണ്ട് യാക്കോബിന്റെ പുത്രന്മാരെ ആരും പിന്തുടർന്നില്ല".

യിസ്രയേൽ ജനം മുഴുവനും വിഗ്രഹാരാധനയിൽ ലിച്ചുകഴിയുകയായിരുന്നു. മോശെയാണെങ്കിൽ സീനായ്മലയിലായിരുന്നപ്പോൾ അവർ സ്വർണ്ണകാളക്കുട്ടിയെ ആരാധിച്ചിരുന്നതാണ്. പുറപ്പാട് പുസ്തകം 32-ാം അദ്ധ്യായത്തിൽ 1 മുതൽ 6 വരെയുള്ള തിരുവെഴുത്തുകൾ എഴുതാം. ''എന്നാൽ മോശെ പർവ്വതത്തിൽനിന്ന് ഇറങ്ങിവരുവാൻ താമസിക്കുന്നു എന്ന് ജനം കണ്ടപ്പോൾ ജനം അഹറോന്റെ അടുക്കൽ വന്നുകൂടി അവനോട് :"നീ എഴുന്നേറ്റ് ഞങ്ങളുടെമുമ്പിൽ നടക്കേണ്ടതിന് ഒരു ദൈവത്തെ ഉണ്ടാക്കിത്തരിക; ഞങ്ങളെ മിസ്രയീംദേശത്തുനിന്ന് പുറപ്പെടുവിച്ച് കൊണ്ടുവന്ന പുരുഷനായ ഈ മോശെയ്ക്ക് എന്ത് ഭവിച്ചുവെന്ന് ഞങ്ങളറിയുന്നില്ലല്ലോ എന്നു പറഞ്ഞു. അഹറോൻ അവരോട് ''നിങ്ങളുടെ ഭാര്യമാരുടെയും പുത്രിമാരുടെയും പുത്രന്മാരുടെയും കാതിലെ പൊൻകുണുക്ക് പറിച്ച് എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്ന് പറഞ്ഞു. ജനമൊക്കെയും തങ്ങളുടെ കാതിൽനിന്ന് പൊൻകുണുക്ക് പറിച്ച് അഹരോന്റെ അടുക്കൽ കൊണ്ടുവന്നു. അവനത് അവരുടെ കയ്യിൽനിന്ന് വാങ്ങി, ഒരു കൊത്തുളികൊണ്ട് ഭാഷ വരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അപ്പോൾ അവർ: യിസ്രയേലെ, ഇത് നിന്നെ മിസ്രയീം ദേശത്തുനിന്ന് കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു. അഹരോൻ അത് കണ്ടാറെ അതിനുമുമ്പാകെ ഒരു യാഗപീഠം പണിതു. നാളെ യഹോവയ്ക്ക് ഉത്സവം എന്നു വിളിച്ചുപറഞ്ഞു. പിറ്റെന്നാൾ അവർ അതികാലത്തെഴുന്നേറ്റ് ഹോമയാഗങ്ങൾ കഴിച്ച് സമാധാനയാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു, കളിപ്പാൻ എഴുന്നേറ്റു."

ശലോമോൻരാജാവിന്റെ ഭരണകാലത്തും യിസ്രായേലിൽ സ്ഥിരമായി വിഗ്രഹാരാധന ഉണ്ടായിരുന്നു. 1 രാജാ.11:1-8 ''ശലോമോൻ രാജാവ് ഫറവോന്റെ മകളെ കൂടാതെ മൊവാബ്യർ, അമ്മോന്യർ, എദോമ്യർ, സീദോന്യർ, ഹിത്യർ എന്നിങ്ങനെ അന്യജാതിക്കാരത്തികളായ അനേകം സ്ത്രീകളെയും സ്നേഹിച്ചു. നിങ്ങൾക്ക് അവരോട്






കൂടിക്കലർച്ച അരുത്; അവർ നിങ്ങളുടെ ഹൃദയത്തെ, തങ്ങളുടെ ദേവന്മാരിലേക്ക് വശീകരിച്ച് കളയും എന്ന് യഹോവ യിസ്രായേൽമക്കളോട് അരുളിച്ചെയ്ത അന്യജാതികളിൽ നിന്നുള്ളവരെത്തന്നെ. അവരോട് ശലോമോൻ സ്നേഹത്താൽ പറ്റിച്ചേർന്നിരുന്നു. അവന് എഴുന്നൂറ് കുലീനപത്നികളും മുന്നൂറ് വെപ്പാട്ടികളും ഉണ്ടായിരുന്നു. അവന്റെ ഭാര്യമാർ അവന്റെ ഹൃദയത്തെ വശീകരിച്ചുകളഞ്ഞു. എങ്ങനെയെന്നാൽ: ശലോമോൻ വയോധികനായപ്പോൾ ഭാര്യമാർ അവന്റെ ഹൃദത്തെ അന്യദേവന്മാരിലേക്ക് വശീകരിച്ചു; അവന്റെ ഹൃദയം അവന്റെ അപ്പനായ ദാവീദിന്റെ ഹൃദയംപോലെ തന്റെ ദൈവമായ യഹോവയിങ്കൽ ഏകാഗ്രമായിരുന്നില്ല. ശലോമോൻ സീദോന്യദേവിയായ അസ്തരോത്തിനെയും അമോന്യരുടെ മ്ലേച്ഛവിഗ്രഹമായ മിൽക്കോമിനെയും ചെന്ന് സേവിച്ചു. തന്റെ അപ്പനായ ദാവീദിനെപ്പോലെ യഹോവയെ പൂർണ്ണമായി അനുസരിക്കാതെ, ശലോമോൻ യഹോവയ്ക്ക് അനിഷ്ടമായുള്ളത് ചെയ്തു. അന്ന് ശലോമോൻ യെരുശലേമിന് എതിരെയുള്ള മലയിൽ മൊവാബ്യരുടെ മ്ലേച്ഛവിഗ്രഹമായ കെമോശിനും അമോന്യരുടെ മ്ലേച്ഛവിഗ്രഹമായ മൊലേക്കിനും ഓരോ പൂജാഗിരി പണിതു. തങ്ങളുടെ ദേവന്മാർക്ക് ധൂപം കാട്ടിയും ബലി കഴിച്ചുംപോന്ന അന്യജാതിക്കാരത്തികളായ സകല ഭാര്യമാർക്കുംവേണ്ടി അവനങ്ങനെ ചെയ്തു".

## വിഗ്രഹാരാധനയുടെ ന്യായങ്ങൾ

ഒരു ദൈവത്തെ ആരാധിക്കുമ്പോൾ പല പല അനുഗ്രഹങ്ങളാണെങ്കിൽ പല വിഗ്രഹങ്ങളുണ്ടാക്കിവെച്ച് എല്ലാവരെയും ആരാധിക്കുകയാണെങ്കിൽ എന്തുമാത്രമാണ് അനുഗ്രഹങ്ങൾ എന്നുള്ളതായിരുന്നു അക്കാലത്തുള്ളവരുടെ ഒരു ചിന്ത. ജാതികൾ അങ്ങനെ ചിന്തിച്ചിരുന്നു. ഏകസത്യദൈവം തെറ്റായ ലൈംഗികതയെ പാപമെന്ന് പഠിപ്പിച്ചപ്പോൾ ജാതികളുടെ ദൈവങ്ങൾ ദേവദാസികളോട്

ശേഷം 22-ാം പേജിൽ

DEVASIA MULLAKARA SIR PERSONAL ACCOUNTS

Account name: DEVASIA M.V, Account No:50100001417578
Bank Name :HDFC, Branch : Vazhakala, Ernakulam, Kerala, S.India
IFSC Code : HDFC 000 1508, SWIFT Code :HDFC INBB

Account name: DEVASIA M.V, Account No:626401513804
Bank Name :ICICI, Branch : Edappally, Ernakulam,
Kerala, S.India, IFSC Code : ICIC0006264

Account name: DEVASIA M.V, Account No:10340100190147
Bank Name :Federal Bank, Branch : Thrikkakara, Ernakulam,
Kerala, S.India IFSC Code : FDRL0001034

Account name: DEVASIA M.V, Account No:081010100345323
Bank Name :Axis Bank , Branch : Kochi,Kerala, S.India
IFSC Code : UTIB0000081

Account name: DEVASIA M.V, Account No:57044991383
Bank Name :SBT, Branch : Kadumani, Kasaragod, Kerala,
S.India. IFSC Code : SBTR 0000595

Account name: DEVASIA M.V, Account No:0613053000002681
Bank Name :SIB, Branch : Cherupuzha,Kannur, Kerala,
S.India. IFSC Code : SIBL0000613

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:സി.വി. ജോസ്ലി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)
ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1pm (ഉപവാസപ്രാർത്ഥന)



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
opp. കച്ചേരി മാർക്കറ്റ്
ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



**പാ:ബിജു**
Mob:9447116820
**ആലപ്പുഴ**
YWCA ഹാൾ
Near വഴിച്ചേരിജംഗ്ഷൻ
ഞായർ 9.30am to 1 pm (ആരാധന)
സൺഡേസ്കൂൾ:
എല്ലാ ഞായറാഴ്ചയും 12.30 pm
**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും
(ഉപവാസപ്രാർത്ഥന) 10 am
**ഹരിപ്പാട്**
സബ് റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി
ദിവസങ്ങളിൽ 10 am to 3 pm
(ബൈബിൾക്ലാസ്)
**കായംകുളം**
വൈ.എം.സി.എ ഗോൾഡൻ ജൂബിലി,
ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ:
എല്ലാ ശനിയാഴ്ചയും 12.30 pm
**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം,
വില്ലേജ് ഓഫീസ് റോഡ്
(കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

## കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph: 9847872731,
9946586728
**കൊല്ലം**
**YMCA ഹാൾ, ചിന്നക്കട,**
റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി**
YMCA ഹാൾ,
Ph:9847872731, 9946586728
ചൊവ്വ: 10 am to 1 pm (ഉപവാസപ്രാർത്ഥന)
**പൂയപ്പള്ളി**
കിഴക്കിടത്ത് ബിൽഡിംഗ്
Ph:9847872731, 9946586728
വെള്ളി: 10 am to 1 pm (ഉപവാസപ്രാർത്ഥന)

ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടക്കലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
പൂതക്കുളം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
കുളപ്പില 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
നല്ലില 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm



**പാ.കെ.സി ദേവസ്യാ (ദാസ്)**
Mob:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ
ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞകൽ
ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി
**നെടുമൺകാവ്** രാധാമണിഭവനം
3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ,
വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം
3 pm to 5 pm



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ്
ഹോം (Opp. Market)
ഞായർ:10.00 am to 1.00 pm (ആരാധന)
എല്ലാ വെള്ളിയാഴ്ചയും(ഉപവാസപ്രാർത്ഥന) 10 am to1pm
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും
പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡി
റ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ**

## തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ
ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA
ഹാൾ 10.30 am-12.30 pm തൊഴുക്കൽ.
നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30pm),
4-ാം ഞായർ (12.30 pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ
12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ**,ബെഥേൽ ഭവനം പ്രയർ ഹാൾ,
പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട**,അംബികാ ഭവനംഎല്ലാ ശനി
യാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
**വലിയതുറ**, 1-ാം ചൊവ്വ മാത്യൂസ്
ഭവനം 5.30 pm
**ആന്നാട്**, 2-ാം ചൊവ്വ ബാബുഭവനം
10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ
ഭവനം 6.00 pm
**കുടപ്പനക്കുന്ന്**, 4-ാം ചൊവ്വ ശശിഭ
വനം 6.30 pm
**മുട്ടട**, ആത്മാഭിഷേകം ഓഫീസ് എല്ലാ
ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
**L.M.S.Nagar**, എല്ലാ വെള്ളിയാഴ്ചയും
ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
**ഊരുട്ടമ്പലം**, 1-ാം ബുധൻ ചിനിവിള
ജോർജ്ജ് 5 pm
**വലിയവിള**, 2-ാംബുധൻ ജയചന്ദ്രൻ
ഭവനം 4.30 pm
**കരമന**,3-ാം ബുധൻ ശാന്തഭവനം 3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം
5.00pm
**കിള്ളി**, 4-ാം ബുധൻ ബിജുഭവനം 6 pm
**വെങ്ങാന്നൂർ**, 1-ാം വ്യാഴം ജസ്റ്റസ്
ഭവനം 5 pm
**ഉദിയൻകുളങ്ങര**, 2-ാം വ്യാഴം
ശശിഭവനം 4.30 pm
**പേരൂർക്കട**, 2-ാം വ്യാഴം
സാവിത്രിഭവനം10.30am
**ഞണ്ടൂർകോണം** 3-ാം വ്യാഴം
ആന്റണി ഭവനം 4.30 pm
**കുറ്റ്യാനി**, 4-ാം വ്യാഴം രാജൻ ഭവനം4.30pm
**മരുതൂർ**, 1-ാം ശനി സദാശിവൻ ഭവനം
5.30 pm
**സന്തോഷ് നഗർ**, 2-ാം ശനി മുരളിസാർ
ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
**നെട്ടയം**, 3-ാം ശനി ജോർജ്ജ് ഭവനം
5.30 pm, പാറോട്ട്കോണം,4-ാം ശനി
മനോജ് ഭവനം 5.30 pm



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ്
സെന്റർ (ഷീലാ കോട്ടേജ്
റെയിൽവെപാലത്തിന് സമീപം,
കാരക്കോണം റൂട്ട്.)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട**, ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള**, എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

## OUR CHURCHES OUT OF KERALA



**Pr. Raj Mohan**
Ph: 09958328119,
07838681789

### DELHI

Delhi - Athmabhishekam prayer hall
Plot no: 11. Nawada housing complex
Near metro pillar no: 786
and Dwaraka mor Red light
Dwaraka mor (Metro) NewDelhi-59

Sunday school- 9am - 10am
Worship 10am-1pm (Hindi & Malayalam)
Tuesday- 6pm-8.30pm. Mohan Garden (Hindi)
Wednesday - 6.30pm- 9pm. Bible study (malayalam)
At Athmabhishekam prayer hall
Thursday- 6pm-8pm. Kalkaji (Malayalam)
Friday- Palam-Rajnagar II-6.30pm-8pm. (Hindi)
10am- 1.00pm - Fasting Prayer. Fasting prayer
At Athmabhishekam prayer hall
Saturday-R.R Hospital (Army church) 4.30pm-6.30pm (Hindi)
Every second saturday- 9am - 2pm-Youth Meeting
At Athmabhishekam prayer hall

### MAHARASHTRA (Kamothe)



**Pr. Radhakrishnan**
Ph: 8108567210
8419930510
Navi Mumbai
Athmabhishekam
Worship Centre
Sushmapatil School& Junior College.
Kamothe Sector 11.Near Manasorowar.
Sunday Worship 10 am-1pm





Mrs. & Mr. Samachen (Pastor)
Mob: 09737930414



Sr. Cicily

### GUJARAT

09904422339, 08460985339
Sunday Worship 10 am- 1 pm



Pr. Francis

### Karnataka

(MANGALORE DT.)
MOODUBIDRI
Seldhana compound
Near Forest Office
Moodubidri
Ph: 9400784917,9880862932

### CHENNAI



Pr.Tony Cyriac
Ph:9400502442



Pr.Raju Issac
Ph:9400502442

Grace Matriculation School
Near Hot Chips Bus Stop & Shanthi
Colony Road,No. 4, L Block, 12th main
Road. Ist Street, Anna Nagar
Sunday Worship 10.00 am - 1.00 am

### Coimbatore (Pothannur)





Mrs. & Mr.
Wilson (Pastor)
Ph:
09585290142

M.G.Community Hall, Opp. Railway
Hospital. Sunday Worship 10 am - 1 pm

**Selem** Ammini Home
Ranganadar Street
Worship: Tuesday 10 am to 2 pm
Ph: 9443820626

## FELLOWSHIPS IN ABROAD

### KUWAIT



Pr. Sojan
Zacharias

Ph: 0096597711237
N E C K Kuwait City
Church Auditorium
(Monday, 7.00 pm- 9.30 pm)

### SALMIYA

Pr. Sabu Francis
Ph: 00965 97711267



**Friday**
**9 am to**
**12 noon**

**Caesar's Travel &**
**Tourism Basement**

Dr. Viji
Ph:0096566394954



**English**
**worship**
**(Friday)**
**6.30 pm**
**to 9 pm**

**Indian**
**PublicSchool**

### YEMEN(SANA)



Pr.Lal Kumar R
Ph:00967777741554

Friday 9.30 am to 12.30 pm
at Athmabhishekam Worship
Center,
Near Kuwait Hospital, Sana'a.
Thursday 5 pm to 7 pm
at Athmabhishekam Worship
Center,
Near Kuwait Hospital, Sana'a
And Athmabishekam worship
center,
Safia.Sana'a
Sunday
prayer 5pm to 6.30pm at
Kuwait Hospital and
Saudi German Hospital. sana'a.

### UAE Sharja

Pr.Jiji
Ph:00971503631158



Friday
10 am to
12.30 noon
Praise and
Worship

### ABBASSIYA



Pr.Samson
Ph: 00965 66311234
ACE Hall, Near Subway
Friday 9 am to 12.30pm

### MANGAF



Pr. jomon
00965-
97207125
**Friday**
**9 am to 12 noon**

### MAHBULA

**Saturday**
**7 pm to 9 pm**





Pr.Tomy Mannoor
Ph:0096596035928
&
Pr.Sojan Abraham
0096566775306

### FORWANIA





Pr. Sojan & Br.Jijo
Ph: 00965 97711237
00965 66970496
**Friday 7 Pm to9 PM**

### CANADA



**908-1585**
**Ernest Ave**

Pr. Dollet Zacharia
Ph: 0012262241417

### AMERICA



Dallas,
Taxas
Pr. Praveen
0015166663840

### AUSTRALIA



Pr. Deepu
0061448544652

## CHURCH OF ETERNITY
# CENTRAL MINISTRY


Rev. Devasia Mullakara


Pr.Abraham


Pr.Roy


Pr.Ramesan


Br.Sabu


Br.Mathew


Br.Rahul


Br.Sarath


Br.Prince


Br.Justin


Br.Lenin


Br.Shon


24 x 7 Prayer Line

**9495932106 , 9447715159**

പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

*"Nevertheless, in the Lord woman is not independent of man, nor is man independent of woman."*
*1 Corinthians 11:11*

Born Again Ribs
christian matrimony



**Our Portal Features**

- Free Profile Registration
- Edit/Update Profile
- Quick/Advanced Profile Search
- Express & Receive Interest
- Send/Receive Messages
- Short-list Profiles
- Block Profiles
- De-Activate/Delete Profile

REGISTER NOW
Get 3 Months
PREMIUM ACCOUNT
Validity
FREE

www.bornagainribs.com

**Annual Charges for Premium Account 1500/- Only**

support@bornagainribs.com
+91 9745099981
bornagainribs
live@glenspark.info




(15-ാം പേജിൽ നിന്നും തുടർച്ച)

ചേർന്നുള്ള ലൈംഗിക-അസന്മാർഗ്ഗികതയെ പ്രോത്സാഹിപ്പിച്ചിരുന്നു. വിഗ്രഹങ്ങളുടെ ഉള്ളിലിരിക്കുന്ന പിശാചിന്റെ പൈശാചികസ്വഭാവത്താൽ തൽക്കാലത്തേക്കെങ്കിലും അങ്ങനെയുള്ള മ്ലേച്ഛാരാധകൾക്ക് ധാരാളം സമ്പത്ത് കൊടുത്തനുഗ്രഹിക്കുമായിരുന്നു.

**വിഗ്രഹാരാധനയുടെ സുപ്രധാനദോഷം.**

യിരെ.2:11-13-ൽ "ഒരു ജാതി തന്റെ ദേവന്മാരെ മാറ്റിയിട്ടുണ്ടോ? അവ ദേവന്മാരല്ല താനും; എന്നാൽ എന്റെ ജനം തന്റെ മഹത്വമായവനെ പ്രയോജനമില്ലാത്തതിന് പകരം മാറ്റിക്കളഞ്ഞിരിക്കുന്നു. ആകാശമേ ഇതിങ്കൽ വിസ്മയിച്ച് ഭ്രമിച്ച് ഏറ്റവും സ്തംഭിച്ച്പോക എന്ന് യഹോവയുടെ അരുളപ്പാട്: എന്റെ ജനം രണ്ട് ദോഷം ചെയ്തിരിക്കുന്നു. അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ച് വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെത്തന്നെ കുഴിച്ചിരിക്കുന്നു" എന്ന തിരുവെഴുത്തിന്റെ ഒടുവിൽ പറഞ്ഞിരിക്കുന്ന പൊട്ടക്കിണറുകളെ കുഴിക്കുകയാണോരോ ബിംബാരാധനാ സമയത്തും. 1 ശമു.12:21-ൽ ഉപകാരമില്ലാത്തവയും രക്ഷിപ്പാൻ കഴിയാത്തവയുമായ മിഥ്യാമൂർത്തികളോട് നിങ്ങൾ ചേരരുത്. 1 കൊരി.8:4-ൽ ലോകത്തിൽ വിഗ്രഹം ഏതുമില്ല എന്നും ഏകദൈവമല്ലാതെ ദൈവമില്ല എന്നും നാമറിയുന്നു. "അതുകൊണ്ട് പ്രിയന്മാരെ, വിഗ്രഹാരാധന വിട്ട് ഓടുവിൻ. നിങ്ങൾ വിവേകികൾ എന്നുവെച്ച് ഞാൻ പറയുന്നത് വിവേചിപ്പിൻ.............. വിഗ്രഹാർപ്പിതം വല്ലതും ആകുന്നുവെന്നോ? വിഗ്രഹം വല്ലതും ആകുന്നു എന്നോ? അല്ല, ജാതികൾ ബലി കഴിക്കുന്നത് ദൈവത്തിനല്ല, ഭൂതങ്ങൾക്ക് കഴിക്കുന്നു എന്നത്രേ; എന്നാൽ നിങ്ങൾ ഭൂതങ്ങളുടെ കൂട്ടാളികളാകുവാൻ എനിക്ക് മനസ്സില്ല. നിങ്ങൾക്ക് കർത്താവിന്റെ പാനപാത്രവും ഭൂതങ്ങളുടെ പാനപാത്രവും കുടിപ്പാൻ പാടില്ല; നിങ്ങൾക്ക് കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും അംശികളാകുവാനും പാടില്ല. അല്ല, നാം കർത്താവിന് ക്രോധം ജനിപ്പിക്കുന്നുവോ? അവനെക്കാൾ നാം ബലവാന്മാരോ"? (1 കൊരി.10:14-22).

വിഗ്രഹം എന്നു പറയുന്നത് വചനവിരോധികൾ പറയുന്നതുപോലെ ധനമോ മദ്യമോ പെണ്ണോ - പുരുഷനോ ഒന്നുമല്ല, മനുഷ്യൻ തന്റെ കൈകൊണ്ടോ കയ്യിലെ യന്ത്രംകൊണ്ടോ ശില്പവേല ചെയ്തുണ്ടാക്കിയ ഒരു കഷണം മരമോ, കല്ലോ, ഇരുമ്പോ, സ്റ്റീലോ ആണ്. അവയ്ക്ക് തനിയെയോ ആരെങ്കിലും വെഞ്ചരിച്ചാലോ യാതൊരു ശക്തിയുമില്ല എന്നു മാത്രമല്ല പിശാച് അവയുടെ ഉള്ളിൽ ആരാധന സ്വീകരിപ്പാൻ വസിക്കുന്നുമുണ്ട്.

ആവ.32:17-ൽ മോശെയും സങ്കീ.106:36,37-ൽ സങ്കീർത്തനക്കാരനും വ്യാജദേവന്മാരെ പിശാചുക്കളോട് തുല്യരാണെന്ന് എഴുതിയിട്ടുണ്ട്. അവർ ദുർഭൂതങ്ങൾക്ക്, ദൈവമല്ലാത്തവയ്ക്ക്, തങ്ങളറിയാത്ത ദേവന്മാർക്ക് ബലി കഴിച്ചു; അവരുടെ പിതാക്കന്മാർ അവയെ ഭജിച്ചിട്ടില്ല. അവ നൂതനമായി ഉത്ഭവിച്ച നവീനമൂർത്തികളത്രേ. "അവരുടെ വിഗ്രഹങ്ങളെയും സേവിച്ച്; അവ അവർക്കൊരു കെണിയായിത്തീർന്നു. തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും ഭൂതങ്ങൾക്ക് ബലി കഴിച്ചു." എല്ലാ വിഗ്രഹങ്ങളുടെയും പിന്നിൽ പിശാചുക്കളാൽ നിയന്ത്രിക്കപ്പെടുന്ന ഭൂതങ്ങളുള്ളതുകൊണ്ട് വിഗ്രഹാരാധന ഉള്ള മനുഷ്യർ അറിഞ്ഞൊ അറിയാതെയൊ ഭൂതങ്ങളെ സേവിക്കുന്നതിനാൽ താഴെപ്പറയുന്ന ദോഷഫലങ്ങളുണ്ടാകും.

1. കുടുംബജീവിതത്തിൽ എന്നും വഴക്കും സംശയവും അടിപിടിയുമായിരിക്കും.
2. മദ്യപാനവും പുകവലിയും മയക്കുമരുന്നുപയോഗവും അത്ര പെട്ടെന്നൊന്നും നിർത്താൻ പറ്റാറില്ല.
3. ക്യാൻസർ, ഹൃദ്രോഗം, കിഡ്നി-കരൾ-ശ്വാസകോശ രോഗങ്ങൾക്ക് എത്ര ചികിത്സിച്ചാലും കാര്യമായി യാതൊരു കുറവും ലഭിക്കില്ല.
4. കടം കേറി മുടിയുകതന്നെ ചെയ്യും.
5. യാതൊരു തെറ്റും ചെയ്യാതെ ചില പോലീസ് - കോടതികേസുകളിൽ കുടുങ്ങി വിഷമിപ്പിക്കും.
6. ഒരു തറവാട്ടിൽ ഒന്നിൽ കൂടുതൽ ഡൈവോഴ്സ് കേസൊ, വന്ധ്യതാനിവാരണത്തിന് യാതൊരു സാധ്യതയും ഇല്ലാതെ വരികയും ചെയ്യും.
7. എല്ലാ ബിസിനസ്സും ഏതെങ്കിലും തരത്തിൽ പൊളിയുക തന്നെ ചെയ്യും.
8. മരണാനന്തരജീവിതം നരകത്തിൽ തന്നെയാകും.
9. എത്ര ഭംഗിയായി പഠിച്ചാലും ഉയർന്ന റാങ്കിൽ ജയിക്കുകയില്ല.

**ലൈംഗികസാന്മാർഗ്ഗികതയുടെ മാനദണ്ഡം**

വിവാഹത്തിന്റെ മാന്യത എന്ന കഴിഞ്ഞ ഒരു പേജിലെ ആശയങ്ങളോട് ചേർന്ന സുപ്രധാനമായ ഒരു കാര്യമാണ് ലൈംഗികസാന്മാർഗ്ഗികതയുടെ മാനദണ്ഡത്തിൽ




പറയുവാനുള്ളത്. 2 കൊരി.11:2-ൽ "ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ എരിവോടെ എരിയുന്നു! ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വായെ ഉപായത്തിൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു.'' യാതൊരുവിധത്തിലുമുള്ള പാപലേശമില്ലാത്ത അവസ്ഥ യാണ്, സമ്പൂർണ്ണവിശുദ്ധി എന്ന് പറയുന്നത്. ക്രിസ്തു എന്ന ഏകപുരുഷന് നിർമ്മലകന്യകയായി വിവാഹം ചെയ്തുകൊടുക്കേണ്ട വധുവാണ് സഭ. ഹവ്വായെ സർപ്പം ചതിച്ചതുപോലെ സഭയാകുന്ന നിർമ്മലകന്യകയെ ഇപ്പോഴും പാപക്കെണികളിൽ വീഴ്ത്തി ആധുനികഹവ്വായെയും ആധുനികസഭാ ഹവ്വയെയും പിശാചു തകർത്തു കൊണ്ടിരിക്കുന്നത് എല്ലാ വിശ്വാസികളും ജാഗ്രതയോടെ അറിയുകയും പാപത്തെ അമ്പേ പരാജയപ്പെടുത്തുകയും വേണം. ഏതു തരത്തിലുള്ള അശുദ്ധിയും പാടില്ല. പോരെങ്കിൽ ദൈവമായ യേശുക്രിസ്തുവിന്റെ ഭാര്യാപദത്തിലേക്കാണ് സഭയാകുന്ന മണവാട്ടി ഉയരുന്നത്. അതുകൊണ്ട് അത്ര കൂടുതൽ വിശുദ്ധി ആവശ്യമാണ്. കന്യകാത്വത്തിനോ അവിവാഹാവസ്ഥയിലെ വിശുദ്ധിക്കോ ഉന്നത മാനദണ്ഡത്തിനോ യാതൊരു കുറവും ഒരിയ്ക്കലും വരാൻ പാടില്ലാത്തതാണ്. ഒരു വ്യക്തിയുടെ പവിത്രതയെയോ ചാരിത്ര്യത്തെയോ അല്പം പോലും ഹനിക്കുന്ന യാതൊരു സാന്മാർഗ്ഗിക അധ:പതനവും ക്രിസ്തുവിന്റെ മണവാട്ടിക്ക് പാടില്ല. 1 തെസ്സ.4:4-ൽ "വിശുദ്ധീകരണത്തിലും മാനത്തിലും സ്വന്ത ശരീരത്തെ കാത്തുകൊള്ളേണം'' എന്ന് നാം വായിക്കുന്നു.

വിവാഹബന്ധത്തിൽ ഉള്ളവർക്ക് മാത്രമെ തമ്മിൽ ലൈംഗികസാമിപ്യം പോലും ഉണ്ടാകാവൂ. വിവാഹബന്ധ ത്തിന്റെ പവിത്രതയെ പരിഗണിക്കാത്തവരും, അവിവാഹിതരും വിധവമാരും വിധവന്മാരും ചെയ്യാവുന്ന സ്പർശനവും നഗ്നത ദർശിക്കുന്നതും അത്തരം ശൃംഗാര പൂരിതമായ സംഭാഷണം നേരിട്ടോ ഫോണിംഗിലൂടെയോ ഇമെയിൽ,ചാറ്റിംഗ് തുടങ്ങിയ മാർഗ്ഗങ്ങളുപയോഗിച്ചോ നടത്തുന്നതുമെല്ലാം ദൈവത്തിന്റെ പരിശുദ്ധിക്കും ദൈവമകന്റെയോ ദൈവമകളുടെയോ വിശുദ്ധിക്കും ദൈവത്തിന്റെ മണവാട്ടിസഭയുടെ ചാരിത്ര്യനിർമ്മലതക്കും ഒരിക്കലും യോജിച്ചതല്ല. ലൈംഗികസംഭവങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന സിനിമകളും, വീഡിയോ ക്ലിപ്പിംഗുകളും കാണുന്നതിലും പ്രചരിപ്പിക്കുന്നതിലും അത്തരം കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ആശ്രമങ്ങൾ നടത്തിയും ഭജനകളുടെ സപ്പോർട്ടോടുകൂടിയ വലിയ ജനക്കൂട്ടത്തെ വരുത്തി, ആരാധനകൾ നടത്തുകയും, അതിന്റെ മറവിൽ, പാപങ്ങളെയും പാപസാഹചര്യങ്ങളെയും പ്രോത്സാഹി പ്പിക്കുന്ന 'രജനീഷ്' മാരെയൊക്കെ നാം കരുതലോടെ വീക്ഷിക്കണം. 1 പത്രൊ.1:16-ൽ ''ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ'' എന്ന് ദൈവം പറയുന്നുവല്ലോ. (ലേവ്യ.11:44,19:2,1 തെസ്സ.4:3,7). ദൈവം വിശുദ്ധനായതുകൊണ്ട് ആ സത്യം ദൈവജനത്തിലും സത്യമായിത്തന്നെ തുടരണം. ലോകത്തിന്റെ ഭക്തിയിൽനിന്നും ആർഭാടങ്ങളിൽ നിന്നുമൊക്കെ ദൈവസഭ വിശുദ്ധിയും വേർപാടും പാലിച്ചിരിക്കുക തന്നെ വേണം. എഫേ.1:4 മുതലുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കാം. "നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിന് മുമ്പേ, നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കുകയും ചെയ്തുവല്ലോ."

## തെരെഞ്ഞെടുപ്പും മുൻനിർണ്ണയവും

ക്രിസ്തുവിൽ സമ്പൂർണ്ണമായി വിശ്വസിക്കുന്നവ രെയും സമ്പൂർണ്ണമായി സമർപ്പിക്കുന്നവരെയും ദൈവം തെരെഞ്ഞെടുത്ത് തന്റെ മുൻനിർണ്ണയപ്രകാരം കാത്തു സംരക്ഷിക്കും എന്നത് ബൈബിൾ ഉയർത്തിപ്പിടിക്കുന്ന ഒരു സുപ്രധാന ഉപദേശമാണ്. ക്രിസ്തുവിൽ ഒരു ജനതതിയെ ദൈവം തെരെഞ്ഞെടുക്കുന്നു. അതേപ്പറ്റി റോമ.8:29,30-ൽ ''അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചുമിരിക്കുന്നു. മുൻനിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്ക്കരിച്ചുമിരിക്കുന്നു'' എന്ന വചനങ്ങളിൽ ദൈവത്തിന്റെ തെരെഞ്ഞെടുപ്പിന്റെയും വിളിയുടെയും പ്രാമാണ്യം വ്യക്തമാക്കിയിരിക്കുന്നു. വിളിയുടെയും തെരെഞ്ഞെടുപ്പിന്റെയും പ്രാധാന്യം അറിയേണ്ടിടത്തോളം അറിയാതെയും ശുശ്രൂഷയുടെ




ഉത്തരവാദിത്വങ്ങൾ അതനുസരിച്ച് ഏറ്റെടുക്കാതെയും ഇരിക്കുന്നത് ഒരു തരത്തിൽ പാപ സാഹചര്യങ്ങളെ ഒരുക്കിയേക്കാം.

തന്റെ പുത്രനായ യേശുവിനെ തനിക്ക് പകരമായും ദൈവപുത്രനായും കരുതുന്ന, കൈക്കൊള്ളുന്ന, സകലരെയും ദൈവം തന്റെ സ്നേഹത്തിൽ സ്വന്തമായി സ്വീകരിക്കുന്നു. യോഹ.1:12,13,14-ൽ ''അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലുമല്ല ദൈവത്തിൽ നിന്നത്രേ ജനിച്ചത്. വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു.'' യേശുക്രിസ്തുവുമായി നമുക്കുള്ള ബന്ധത്തിന്റെ ആഴമനുസരിച്ചാണ് മനുഷ്യരെ ദൈവം തെരെഞ്ഞെടുക്കുന്നത്. ഒരു വൃക്ഷത്തിന്റെ കൊമ്പ് വൃക്ഷത്തോട് ചേർന്നു നിൽക്കുന്നതുപോലെ നാം ക്രിസ്തുവിനോട് ചേർന്ന് നിൽക്കുന്നത് കാണുമ്പോൾ, അതും വിശ്വാസത്താൽ, ഇഴുകിച്ചേർന്ന് നിൽക്കുന്നത് കാണുമ്പോഴാണ് ദൈവം നമ്മെ വിളിച്ച്, വേർതിരിച്ച്, ദൈവരാജ്യത്തിന് കൊള്ളാവുന്ന വിധത്തിൽ ആക്കുന്നത്. എഫേ.1:7-ൽ പറയുംപോലെ "അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്." ക്രിസ്തുവിന്റെ ക്രൂശിലെ വീണ്ടെടുപ്പ് മുഖാന്തരമാണ് വിശ്വസിക്കുന്ന ജനതയെ ദൈവം തെരെഞ്ഞെടുക്കുന്നത്. നമ്മുടെ വിശ്വാസത്തിന്റെ റൂട്ട് ''ഇതാണെന്ന് തിരിച്ചറിയാതെ യഹോവാസാക്ഷികളോ, യേശുനാമക്കാരോ, ഊതിവീഴ്ത്തലും കൈവെച്ച് പ്രാർത്ഥിക്കുകയാണെന്ന് ഭാവിച്ച് വീഴിക്കുന്ന ദുരാത്മപ്രേരിത ശുശ്രൂഷ ചെയ്യുന്നവരോ, ഒക്കെ, ദൈവത്തിന്റെ വിളിയിൽ നിന്നും തെരെഞ്ഞെടുപ്പിൽ നിന്നും വഴി മാറിപ്പോകുന്നു. അത് പാപം തന്നെ.

**യഥാർത്ഥ ആത്മീയതയിൽ വെള്ളം ചേർക്കുന്നത് പാപം**

അധാർമ്മികതയുടെയും അസാന്മാർഗ്ഗികതയുടെയും ഏതെങ്കിലും വശങ്ങളെ ക്രിസ്തുവോ പരിശുദ്ധാത്മാവോ 'സപ്പോർട്ട്' ചെയ്യാനുള്ള വിദൂരസാധ്യത പോലുമില്ല; അഥവാ, ബൈബിൾ സപ്പോർട്ട് ചെയ്യുകയില്ല. അസാന്മാർഗ്ഗികതയും അനാത്മികതയും അധാർമ്മികതയും 'പ്ലാൻ' ചെയ്ത് മനുഷ്യഹൃദയങ്ങളിൽ വിതക്കുന്നത് സാത്താനാണ്. വചനവിരുദ്ധവും വചനവിരുദ്ധമല്ലെന്ന് തോന്നിക്കുന്ന തെറ്റായ വചനവ്യാഖ്യാനങ്ങളും ദുരുപദേശങ്ങളും ഒക്കെ പേരും പ്രശസ്തിയും ഉള്ള സഭകളിലും, ജനക്കൂട്ടത്തെ സംഘടിപ്പിക്കാൻ കഴിവുകളുള്ള കൃപാവരങ്ങളുള്ള അഭിഷിക്തരിലും സൂത്രത്തിൽ സന്നിവേശിപ്പിച്ചിട്ട് സാത്താൻ വിദഗ്ധമായി അവരെ ഉപയോഗിച്ച് സഭയെയോ സഭാവിശ്വാസികളെയോ തകർക്കുക തന്നെ ചെയ്യും.

**സാത്താന്റെ മൂലധനം പാപമാണ്.**

നരകത്തിന്റെ ബാങ്കിലെ ഫിക്സഡ് ഡിപ്പോസിറ്റിൽ നിന്നുമെടുക്കുന്ന പാപം എന്ന മൂലധനം ഇറക്കിയാണ് സാത്താൻ അവന്റെ ബിസിനസ്സ് നടത്തുന്നത്. യോഹ.10:10-ൽ "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല.'' സാത്താൻ തകർക്കാനും മുടിക്കാനും ആഗ്രഹിക്കുന്നത് ദൈവീകപദ്ധതിയെയാണ്. അതായത്, വിശുദ്ധ വേദപുസ്തകത്തിന്റെ രണ്ടാംഭാഗമായ പുതിയനിയമം ആവിഷ്ക്കരിക്കുന്ന ക്രിസ്തു വഴിയും പരിശുദ്ധാത്മാവു വഴിയും നടക്കേണ്ടുന്ന മാനവരക്ഷയെ എങ്ങനെയും തകർക്കുക എന്നതാണ് സാത്താന്റെ ലക്ഷ്യം.

കാൽവരി ക്രൂശുവഴി ദൈവം പുത്രനിലൂടെ ആവിഷ്ക്കരിച്ച പാപവിമോചനവും രക്ഷയും നിത്യജീവനും എന്ന വിഷയത്തിൽ സംശയങ്ങളും വിള്ളലുകളും സൃഷ്ടിക്കുക എന്നത് സാത്താന്റെ പദ്ധതിയാണ്. (ആത്മാഭിഷേകം എന്ന ഈ വിശുദ്ധമാസിക ആത്മാഭിഷേകം എന്ന ചർച്ച്ഓഫ് ഇറ്റേണിറ്റിയിലെ പതിനായിരക്കണക്കിന് വിശ്വാസികളെ പഠിപ്പിക്കാനായി ദൈവത്താൽ നിയോഗിക്കപ്പെട്ട പാസ്റ്റർമാരിൽ, ഒരു ലഘുപക്ഷം മാത്രമേ ആ മാസികാപഠനം ഉപയോഗിച്ചുകൊണ്ടുള്ള ശുശ്രൂഷ വിജയകരമായി ചെയ്യുന്നുള്ളു. വിശ്വാസികളിൽ ഒരു നാലയ്യാരംപേരെ, ഇവ വായിച്ച് പഠിക്കുന്നുള്ളു. സാത്താനാണ് ഈ മാസികയെ ചവറ്റ് കൊട്ടയിലേക്ക് തള്ളിവിടുന്നത്. ഈ വിധത്തിലുള്ള വലിയ പാപത്തെ സാത്താൻ ഇറക്കുമതി ചെയ്തു കൊണ്ടിരിക്കുകയാണ്. എപ്പോഴും പ്രസംഗിക്കുമ്പോഴും എഴുതുമ്പോഴും വചനം മാത്രം പറയുന്ന ആ സാറിന്റെ പഴഞ്ചൻ രീതിയൊന്നും ഈ കാലഘട്ടത്തിന് യോജിച്ചതല്ല, ഇന്ന് അത്യാവശ്യമായിരിക്കുന്നത് ആത്മാവിന്റെ ആഭിഷേകത്തിന്റെ തീ കത്തിക്കലാണെന്ന് പറഞ്ഞ്, സഭയിൽ, പാട്ട് പാടുന്നതും താൻതന്നെ, പ്രസംഗം പറയുന്നതും താൻ തന്നെ, പ്രവചനം പറയുന്നതും താൻ തന്നെ, പണസമാഹരണം നടത്തുന്നതും താൻ തന്നെ എന്നു



2017 മാർച്ച് 18-ന് തൃപ്പൂണിത്തുറ വച്ചു നടന്ന അഭിഷേകാഗ്നി കൺവെൻഷനിൽ നിന്ന്



2017 മാർച്ച് 19-ന് കോഴിക്കോട് വച്ചു നടന്ന അഭിഷേകാഗ്നി കൺവെൻഷനിൽ നിന്ന്



2017 മാർച്ച് 27 മുതൽ 31 വരെ പൊൻകുന്നത്ത് വച്ചു നടന്ന ബൈബിൾ ക്ലാസ്സ്




വിചാരിക്കുകയും അതിനെ എതിർക്കുന്നവർക്കെതിരെ വചനം വെച്ച് നല്ല തകർപ്പൻ മർദ്ദനവും കൊടുത്തു സഭയിൽ കുറച്ചധികം എണ്ണത്തെ സംഘടിപ്പിക്കുകയും ചെയ്യുന്നവർ, മാനസാന്തരപ്പെട്ട്, വചനത്തിലേക്കും ആദിമസഭയുടെ ഉറവിടങ്ങളിലേക്കും മടങ്ങിവന്നാലേ, സാത്താനേ പരാജയപ്പെടുത്താൻ കഴിയുകയുള്ളൂ).

ദൈവവചനത്തേക്കാൾ വലുതാണ് ആത്മാവിന്റെ അഭിഷേകം എന്നു പറഞ്ഞും ചിന്തിപ്പിച്ചും പരത്തുന്ന ജോലി സാത്താനാണ് ചെയ്യുന്നത്. യഥാർത്ഥ സ്നേഹമെന്ന അഗാപ്പയെ സംശയിച്ചും കുറ്റപ്പെടുത്തിയും ചിന്തിപ്പിക്കുന്നതുമെല്ലാം സാത്താനാണ്. അവർ എന്റെ ജനത്തിന്റെ പണം മേടിച്ചെടുക്കുമോ, എന്റെ ശുശ്രൂഷക്കിട്ട് വേല വെയ്ക്കുമോ എന്ന ചിന്തയൊക്കെ കൊണ്ടുവന്നിടുന്നത് സാത്താനാണ്. ദൈവജനത്തെ എന്റെ ജനമെന്ന് കരുതിക്കുന്നതും സാത്താനാണ്. സാത്താനെതിരെയുള്ള പ്രാർത്ഥനയെ ദുർബലമാക്കുന്നതും സാത്താനാണ്. നമ്മുടെ മക്കളോ പ്രായമായവരോ കൂടെയുള്ളതിനാൽ ഇതിൽക്കൂടുതൽ ശുശ്രൂഷ വേണമൊ, പണവും വേണ്ടെ, എന്ന ചിന്ത നൽകുന്നതും സാത്താനാണ്. ഇത്രത്തോളം നടത്തിയവൻ ഇനിയും നടത്തുമെന്ന് ചിന്തിപ്പിക്കുന്നവൻ ദൈവാത്മാവാണ്. എപ്പോഴുമെപ്പോഴും മുന്നോട്ടിറക്കുന്നവനാണ് ദൈവാത്മാവ്. എനിക്ക് വേറിട്ടുള്ളതും ദൈവം തന്നിട്ടുള്ളതുമായ എന്റെ ശുശ്രൂഷ ഇതുപോലെ മറ്റാർക്കാണുള്ളതെന്ന് ചിന്തിപ്പിക്കുന്നതും പറയിപ്പിക്കുന്നതുമൊക്കെ സാത്താനാണ്. എളിമപ്പെടുത്തുകയില്ല, ഒരിക്കലും സാത്താൻ. സത്യമോ വിശുദ്ധിയോ സാത്താന്റെ വശമില്ലാത്തതുകൊണ്ട്, അവനാൽ നയിക്കപ്പെടുന്നവരെ, അവർ നല്ലവരാണെന്ന് അവരെക്കൊണ്ട് ചിന്തിപ്പിക്കുകയും പലരെക്കൊണ്ടും അങ്ങനെ 'പൊക്കി പൊക്കി' അവരെപ്പറ്റി പറഞ്ഞുകൊണ്ടും 'അഹം' എന്നത് പാപമാണെന്നറിയാതെ 'സ്വയ'ത്തിൽ അവരെ കുടുക്കിക്കളയും. സ്വന്തം മായദർശനങ്ങളിൽ നിന്ന് ചിലത് വിളിച്ചുപറയിക്കും. വേട്ടോനാണെങ്കിലും പത്ത് കാര്യം പറഞ്ഞാൽ പകുതി ശരിയായിരിക്കും എന്നൊരു പഴഞ്ചൊല്ലുണ്ട്.

**കൂട്ടായ്മയെ സാത്താൻ എതിർക്കും**

സാത്താന്റെ മുഖമുദ്ര കാപട്യമാണ്. കൂട്ടായ്മയെ സാത്താൻ എതിർക്കും. സ്വന്തം ചർച്ചിലാണെങ്കിലും യഥാർത്ഥ കൂട്ടായ്മത്വം ഉണ്ടാകുവാൻ സാത്താൻ സമ്മതിക്കില്ല. അപ്പോൾ പിന്നെ, സോണൽകൂട്ടായ്മയോ ജനറൽ കൺവൻഷനോ നടത്തുവാനും സാത്താനെതിർക്കും. സോണൽ കൂട്ടായ്മക്കോ, ജനറൽകൺവൻഷനോ നാം പോയാൽ അവർ പറയുന്നതൊന്നുമല്ല ശരി, ഞാനായിരുന്നുവെങ്കിൽ എത്ര മെച്ചമായി പറയുമായിരുന്നു എന്നൊക്കെ ചിന്തിപ്പിക്കും. ആ ചിന്തയൊക്കെ പാപമാണ്. "പാപത്തിന്റെ ശമ്പളമോ മരണവും" (റോമ.6:23). കൂട്ടായ്മയിൽ കൂട്ടപ്രാർത്ഥന ഉണ്ടായിരിക്കും. കൂട്ടപ്രാർത്ഥനയിൽ പരിശുദ്ധാത്മാഭിഷേകം കൂടുതലായിരിക്കും. അതിനനുവദിക്കാത്തത്, പണച്ചിലവിന്റെ കാര്യമോ ലീവ് കുറവിന്റെ കാര്യമോ മാതാപിതാക്കന്മാരുടെ കാര്യമോ രോഗതകർച്ചയുടെ കാര്യമോ പറഞ്ഞുകൊണ്ടായിരിക്കും. ആ ചിന്തകളെല്ലാം കൂട്ടായ്മത്വത്തിനെതിരെയുള്ള പാപമാണ്. "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു. എല്ലാവർക്കും ഭയമായി. അപ്പൊസ്തലന്മാരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. വിശ്വസിച്ചവരെല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവക എന്നെണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റ് അവനവനാവശ്യമുള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും, ഒരുമനപ്പെട്ട് ദിനംപ്രതി ദൈവാലയത്തിൽ കൂടി വരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെടുന്നരെ, ദിനമ്പ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു" (അപ്പൊ.2:42-47). ബൈബിളെന്നും കൂട്ടായ്മയെയും കൂട്ടായ്മത്വത്തെയും ഉയർത്തിപ്പിടിക്കുന്നു. വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും സഭകൾ തമ്മിലും കൂട്ടായ്മത്വം ഉണ്ടാകുവാൻ പരിശുദ്ധാത്മാവ് കൃപ തരും. അവകൾക്കെതിരെ അശുദ്ധാത്മാവും പ്രവർത്തിക്കും.

**അടിസ്ഥാന ഉപദേശങ്ങൾക്കെതിരെയുള്ള പാപം**

ക്രിസ്തുവിന്റെ സഭക്കെതിരെ ഭീഷണികളും, വെല്ലുവിളികളും, പീഢനങ്ങളും അഴിച്ചുവിടുന്ന കാര്യത്തിൽ സാത്താനെന്നും മുൻപന്തിയിലാണ്. നാം അവന്റെ കെണിയിൽ വിവേകവും, ജ്ഞാനവും പ്രാർത്ഥനയുമില്ലെങ്കിൽ പെട്ടുപോവുക സ്വാഭാവികമാണ്. അത് പാപവുമാണ്. രണ്ടായിരത്തോളം വർഷങ്ങൾക്കപ്പുറം സഭാരംഭം കുറിച്ച




നാളിൽ റോമൻ-ഈജിപ്ഷ്യൻ മതങ്ങളുടെയും ബാബിലോണ്യൻ-ഗ്രീക്ക് മത സങ്കൽപ്പങ്ങങ്ങളുടെയും മിത്തുകളുടെയും ഒക്കെ ആകർഷണങ്ങളാലാണ് സാത്താൻ സഭയെ അപകടപ്പെടുത്തിക്കൊണ്ടിരുന്നത്. ഇന്ന് അങ്ങനെയല്ല, കൈവെച്ചോ കൈവീശിയോ ടച്ച് എന്നോ ഫയർ എന്നോ ഉറക്കെ പറഞ്ഞ് പ്രാർത്ഥിച്ച് വീഴാൻ പറ്റുമെങ്കിൽ വീഴാൻ വരുന്ന ജനത്തെ ഇരുന്ന് വീഴിച്ചോ കിടന്ന് വീഴിച്ചോ തെറിച്ചുവീണ് വീഴിച്ചോ, ഒക്കെ മുന്തിയ അഭിഷിക്തൻ എന്ന് പേരെടുക്കുവാൻ ശ്രമിക്കുന്നവരിലൂടെയാണ് സാത്താൻ സഭയെ അപകടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. അതിൽ പെടുന്നതും പെടുത്തുന്നതും ദുരുപദേശത്തിൽനിന്നും ഉയിർത്തെഴുന്നേൽക്കുന്ന പാപമാണ്. എന്നാൽ ക്രിസ്തുവിന്റെ സഭ ആ "പാതാളഗോപുരങ്ങൾ"ക്കെതിരെ (മത്താ.16:18) അടരാടി ജയിച്ചുകൊണ്ടിരിക്കുകയാണ്.

ഇൻഡ്യയിലുള്ള എല്ലാ സഭകളും ഏകാത്മാവിനാൽ തന്നെ നയിക്കപ്പെടണം. ലോകത്തിലുള്ള എല്ലാ സഭകളും ഏകാത്മാവിനാൽ നയിക്കപ്പെടണം. പ്രപഞ്ചത്തിലുള്ള സകല സഭകളും ഒരേ വചനത്താലും ഒരേ ഉപദേശത്താലും ഒരേ ആത്മാവിനാലും നയിക്കപ്പെടണം. അല്ലാത്തതിനെ പ്രോത്സാഹിപ്പിക്കുന്നവരും ന്യായീകരിക്കുന്നവരുമൊക്കെ പാപത്തിലാണ്. എഫേസ്യലേഖനം 4-ൽ 4,5,6 വാക്യങ്ങൾ കുറിക്കാം. "നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ, ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലുംകൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി, എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ."

**ക്രിസ്തു സഭയുടെ ശിരസ്സ്**

സഭ ക്രിസ്തുവിന്റെ ശരീരമാണ് (എഫേ.1:23, കൊളോ.3:15). കേരളത്തിലെ ഏത് പട്ടണത്തിലും ഗ്രാമത്തിലും, ലോകത്തിലെ ഏതൊരു സ്ഥലത്തുമാണോ പ്രാദേശികസഭകളുള്ളത്; അവയിലെ "വിശുദ്ധർ" മാത്രമാണ് സഭാമക്കൾ. ആ വിശുദ്ധരുടെ കൂട്ടായ്മയാണ് ക്രിസ്തുവിന്റെ ശരീരം! ഈ ഉന്നതമായ കാഴ്ച്ചപ്പാടിന് ആരൊക്കെ ബദൽ നിൽക്കുന്നുവോ അവരൊക്കെ ആ സത്യത്തിനെതിരെ പാപം ചെയ്യുകയാണ്. യേശുക്രിസ്തു തന്റെ ശരീരയാഗത്താലാണ് മാനവരാശിയെ വീണ്ടെടുത്തത്. ആ ശരീരയാഗത്തിന്റെ മൂല്യത്തിൽ ഉറച്ചു വിശ്വസിക്കുന്നവർ എന്നും ക്രിസ്തുവിന്റെ മണവാട്ടിതന്നെയായിരിക്കും. ഏതു സഭകളിലും ഏത് രാജ്യത്തുമുള്ള ഏവരെയും പരിശുദ്ധാത്മാവിലൂടെ ക്രിസ്തുവിൽ ഒന്നാക്കിനിർത്തും. ആ സത്ചിന്തകൾക്കെതിരെയുള്ള ചിന്തകളെല്ലാം പാപമായിരിക്കും. "അവൻ സഭ എന്ന



# Fundamental Knowledge of True Theology - Chapter : 22

# പാപശാസ്ത്രം — Hamartiology

## ഭാഗം 2 — PART 2



ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിന് അവനാരംഭവും മരിച്ചവരുടെ ഇടയിൽ നിന്ന് ആദ്യനായി എഴുന്നേറ്റവനും ആകുന്നു. അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് അവൻ മുഖാന്തരം സമാധാനമുണ്ടാക്കി. ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി" (കൊളോ.1:18-20). ക്രിസ്തു സഭയുടെ ശിരസ്സ് തന്നെ എന്ന് ഈ തിരുവചനം നമ്മെ പഠിപ്പിക്കുന്നു. "ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാക്കും'' (എഫേ.4:15). ആ തിരുവചനവും ക്രിസ്തു സഭയുടെ ശിരസ്സ് തന്നെ എന്ന് തന്നെ പഠിപ്പിക്കുന്നു. "തലയായവനിൽ നിന്നല്ലോ ശരീരം മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവീകമായ വളർച്ച പ്രാപിക്കുന്നു'' (കൊളോ.2:19). ക്രിസ്തുവാണ് സഭയുടെ ശിരസ്സെന്ന് നാം വീണ്ടും പഠിക്കുകയായിരുന്നു.

1 കൊരി.12:12 മുതൽ 27 വരെയുള്ള വചനങ്ങളുടെ പ്രസക്തഭാഗം എഴുതാം. ''ശരീരം ഒന്നും, അതിനവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവുമായിരിക്കുന്നതുപോലെയാകുന്നു ക്രിസ്തുവും............ ശരീരം ഒരവയവമല്ല. പലതത്രെ.......... അതിനാൽ ഒരവയവം കഷ്ടമനുഭവിക്കുന്നുവെങ്കിൽ അവയവങ്ങളൊക്കെയും കൂടി കഷ്ടമനുഭവിക്കുന്നു. ഒരു അവയവത്തിന് മാനം വന്നാൽ അവയവങ്ങളൊക്കെയും കൂടെ സന്തോഷിക്കുന്നു. എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളുമാകുന്നു." സഭയുടെ ശിരസ്സ് ക്രിസ്തുവാണെന്നും ഓരോ വിശ്വാസിയും സഭയാകുന്ന ശരീരത്തിലെ അവയവങ്ങളാണെന്നും നാം വചനം വായിച്ച് പഠിക്കുകയായിരുന്നു. എങ്കിൽ ഭിന്നിപ്പുണ്ടാക്കുന്നവർ, പാപമല്ലേ ചെയ്യുന്നു. ഈ ഉയർന്ന അപ്പൊസ്തലികമായ ഉപദേശങ്ങൾ പഠിപ്പിക്കാത്ത അപ്പൊസ്തലവർഗ്ഗത്തിലൊ പ്രവാചകവർഗ്ഗത്തിലൊ പാസ്റ്റർവർഗ്ഗത്തിലൊ ഉള്ളവർ പാപമല്ലേ ചെയ്യുന്നതും, പഠിപ്പിക്കുന്നതും.

1 കൊരി.12:13-ൽ ''യഹൂദന്മാരോ, ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനമേറ്റും എല്ലാവരും ഒരേ ആത്മാവിൽ പാനം ചെയ്തുമിരിക്കുന്നു". അതായത് ആത്മസ്നാനത്താൽ ധ്രുവങ്ങളോളം വ്യത്യാസമുള്ളവർ പോലും ഏകസഭയിലായിത്തീരുന്നു. ഗലാ.3:28-ൽ അപ്പൊസ്തലനായ പൗലൊസ് പഠിപ്പിച്ചു "അതിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുവേശുവിൽ ഒന്നത്രേ''. ആത്മസ്നാനംകൂടി ലഭിച്ചുകഴിയുമ്പോൾ സകലരും ക്രിസ്തുവേശുവിൽ ഒന്നാകും. ഇതാണ് വേദപുസ്തകം പഠിപ്പിക്കുന്ന ആധുനികവിശ്വാസിയും പാസ്റ്ററും സഭയും.

സത്യമിതായിരിക്കെ യേശുക്രിസ്തുവിനെ വെറും വാക്കുകൾകൊണ്ട് പറയുകയോ പാടുകയോ ചെയ്തിട്ട് ആത്മാവിന്റെ ഉണർവ്വാണെന്നും പറഞ്ഞ് പാട്ട് പാടിപ്പാടിതിമിർത്ത് താളമേളക്കൊഴുപ്പിലും അന്യഭാഷാ സൗകുമാര്യത്തിലും ലയിക്കുന്നവരും ലയിപ്പിക്കുന്നവരും പാപമല്ലേ ചെയ്യുന്നത്? കൈയോ, തൂവാലയോ, കുപ്പിയിലെ എണ്ണയോ, വെള്ളമോ വീശിക്കൊണ്ട് സാത്താനോടെന്ന ഭാവത്തിൽ സംസാരിക്കുന്നവരും ഇവനിലിരിക്കുന്ന പിശാചിനെക്കാണ്ട് സംസാരിപ്പിക്കുകയാണെന്ന വ്യാജേന അപരനായി പ്രവർത്തിക്കുന്നവരുമൊക്കെ പാപം തന്നെയാണ് ചെയ്യുന്നത്.

ഭിന്നതയും പക്ഷംപിടിക്കലും മിക്ക അനാത്മിക സഭകളിലും കാണാം. ''നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ? ഒരുത്തൻ: ഞാൻ പൗലൊസിന്റെ പക്ഷക്കാരനെന്നും മറ്റൊരുത്തൻ: ഞാൻ അപ്പൊല്ലൊസിന്റെ പക്ഷക്കാരനെന്നും പറയുമ്പോൾ നിങ്ങൾ സാധാരണ മനുഷ്യരല്ലയോ"? (1 കൊരി.3:3,4).

സഭയ്ക്ക് ദൃശ്യമായ ഒരു പ്രാദേശികതലവും അദൃശ്യമായ ഒരു സാർവ്വത്രികതലവും ഉണ്ട്. സ്വർഗ്ഗമാണ് അദൃശ്യസഭയുടെ ഒരു തലമെങ്കിൽ, ദൈവശാസ്ത്രപരമായ തെറ്റുപറ്റാത്ത സമീപനം കാഴചവെയ്ക്കുന്ന സഭാനേതൃത്വം ആവിഷ്ക്കരിക്കുന്ന വിശുദ്ധസ്നേഹത്തിന്റെയും വിശുദ്ധ വചനത്തിന്റെയും വിശുദ്ധ അഭിഷേകത്തിന്റെയും വിശുദ്ധവിശ്വാസത്തിന്റെയും സദ്ഭാവമാണ് രണ്ടാമത്തെ തലം. ആ സാർവ്വത്രികസഭയുടെ പ്ലാറ്റ്ഫോമിലാണ് തണലിലാണ്, പ്രാദേശികസഭ തെറ്റ് പറ്റാതെ വളരുന്നത്. പ്രാദേശികസഭാശുശ്രൂഷകർക്ക് കുറച്ചധികം പരിജ്ഞാനവും അഭിഷേകവും ഉള്ളതുകൊണ്ട് സഭയിലെ ഒരു കൂട്ടർ ആനന്ദത്തോടെ ആരാധിച്ചും പ്രാർത്ഥിച്ചും മുന്നേറുമ്പോൾ വേണ്ടത്ര പരിജ്ഞാനമില്ലാത്തവർ ഭയപ്പെട്ടും പണം കൂടുതൽ




മുടക്കിയും ശിക്ഷ വരുമോ എന്ന് വെപ്രാളപ്പെട്ടും കഴിയുമ്പോൾ വേറൊരു കൂട്ടർ ഒരു പ്രാദേശികസഭയിലും ഉറയ്ക്കാതെ വന്നും പോയും പിന്മാറ്റത്തിലായും മുന്തിയ അഭിഷിക്തരെ തേടിയുമൊക്കെ നടക്കുന്നു. ഇതിൽ ആദ്യം എഴുതിയ ആനന്ദിച്ച് മുന്നേറുന്നവർ, ഒഴികെയുള്ളവരുടെ ആത്മരക്ഷയുടെ കാര്യത്തിൽ ശുശ്രൂഷകൻ ദൈവത്തോട് സമാധാനം ബോധിപ്പിക്കേണ്ടിവരും. ശിക്ഷയെ ഭയപ്പെട്ടും അപൂർണ്ണമാനസാന്തരത്താൽ വിഷമിച്ചും കഴിയുന്നവരുടെ സ്ഥിരതയില്ലായ്മ എന്ന പാപത്തിന് ആരാണോ ഉത്തരവാദി, ആ ഉത്തരവാദി, ആ നിരുത്തരവാദിത്വത്തിന് ദൈവത്തോട് മാപ്പ് അപേക്ഷിക്കേണ്ടതുണ്ട്. അന്തർദ്ദേശീയവും അദൃശ്യവുമായ സഭാബന്ധത്തിന്റെ കുറവാണിതിന് കാരണം.

ചിലർ, ക്രിസ്തു ദർശനത്തിന്റെ മുകളിൽ പിതൃദർശനം ഉയർത്തിക്കൊണ്ടിരിക്കുമ്പോൾ, പലരും ക്രിസ്തുദർശനത്തിന്റെ കുറവ് തീർക്കാൻ പരിശുദ്ധാത്മ ദർശനം എന്ന വ്യാജേന പല അവനവനിസങ്ങളും, പ്രോസ്പിരിറ്റി തിയോളജിയുടെപേരിലും "അനുഗ്രഹം, അനുഗ്രഹം" എന്ന പേരിലും ഊതിവീഴ്ത്തൽ എന്ന പേരിലും മണിക്കൂറുകളോളം പാടിപ്പാടി മേളപ്പദമാടിയാടി ആരാധനയുടെ ശ്രീകോവിലിലെത്തിയും കാഴ്ച വെയ്ക്കുമ്പോൾ, കാൽവരിക്രൂശിൽ എനിക്കും നിനക്കും വേണ്ടി ക്രൂശിക്കപ്പെട്ടവൻ വീണ്ടും ഉണർവ്വിന്റെ പേരിൽ തന്നെ ക്രൂശിക്കുന്നവരെ കണ്ടുമുട്ടി പിതാവിനോട് ക്ഷമിക്കണമേ എന്ന് പറഞ്ഞ് പ്രാർത്ഥിക്കുക മാത്രം ചെയ്യുന്നു.

**അവനവന്റെ ക്രൂശ് വേണമെടുക്കുവാൻ**

"ഒരുത്തൻ എന്റെ പിന്നാലെ വരുവാന് ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്ത്. എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും. എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും'' (മത്താ.16:24,25) എന്ന വചനത്തോട് ലൂക്കോസ് 9:23 കൂടി ചേർക്കാം. "എന്നെ അനുഗമിപ്പാൻ ഒരുവൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിക്കാൻ ഇച്ഛിച്ചാൽ അതിനെ കളയും" എന്ന വചനത്തോട് മത്താ.10:38 കൂടി ചേർക്കാം. "തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്ക് യോഗ്യനല്ല. തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും."

ഈ ക്രൂശുചുമക്കൽ എന്നത് കർത്താവിനെപ്രതി അനുഭവിക്കുന്ന കഷ്ടവും നഷ്ടവുമാണ്. കർത്താവിനെ നേരിട്ടനുഭവിക്കാൻ മതങ്ങളിൽ സംവിധാനമില്ലല്ലോ. മതം ബൈബിൾ പഠിപ്പിക്കേണ്ടപോലെ പഠിപ്പിക്കുകയേ ചെയ്യില്ല. കർത്താവിൽനിന്ന് നേരിട്ട് പാപമോചനവും രക്ഷയും പരിശുദ്ധാത്മസ്നാനവും പ്രാപിക്കുവാൻ സഹയിക്കുകയും ഇല്ലല്ലോ. അത്തരമൊരു അനിശ്ചിതാവസ്ഥയെ സൃഷ്ടിക്കുന്ന മത സാർവ്വഭൗമന്മാരുടെ പാപം മഹാപാപമാണ്. ആ മഹാപാപത്തിൽ പെട്ട് കിടക്കുമ്പോഴാണ് പരിശുദ്ധാത്മാവ് അയച്ച ഏതോ ഒരു സുവിശേഷകനിലൂടെ മാനസാന്തരാനുഭവവും ക്രിസ്തുവിനെ അറിയുവാനും ഇടയാകുന്നത്. പിന്നീട്, ബൈബിൾ പഠനത്തിനുള്ള അവസരം പരിശുദ്ധാത്മാവ് ഉണ്ടാക്കിത്തരും. ആത്മാവിന്റെ കടന്നുവരൽ അതോടുകൂടി സംഭവിക്കും.

ഇതോടുകൂടി നാം സാക്ഷാൽ ക്രിസ്തുവിനെ മറ്റുള്ളവർക്ക്, പത്രൊസിന്റെയും പൗലൊസിന്റെയും മനോഭാവത്തോടെ കൊടുക്കുവാൻ ഇടയാകും. മതങ്ങൾക്ക് ക്രിസ്തു ദൈവമല്ലാത്തതുകൊണ്ട് മതങ്ങൾ എതിർക്കും. മതങ്ങൾക്ക് ആചാരാനുഷ്ഠാനങ്ങളാണ് വലുത്. കൊന്തയും കുർബ്ബാനയുമാണ് മതങ്ങൾക്കാവശ്യം. യഥാർത്ഥ സഭക്ക് സുവിശേഷമാണാവശ്യം. അതു പറയുമ്പോൾ അത്ഭുതങ്ങൾ നടക്കും. അടയാളങ്ങളും വീര്യപ്രവൃത്തികളും സംഭവിക്കും. പുണ്യാവാളന്മാരുടെ അടുത്തും മാതാവെന്ന മറിയത്തിന്റെ അടുത്തും നേർച്ചകാഴ്ചകൾ കുറയും. പള്ളികളുടെ ആദായം കുറയും. അതാണ് പ്രശ്നം. അവർ റോം മുതൽ ഇടവകപള്ളി വരെ എല്ലായിടത്തും ഇന്നാരെ പുറത്താക്കി എന്ന് വിളിച്ചുപറയും. നാട്ടുകാർ ബിഷപ്പിന്റെ കൂടെ നിന്ന് യഥാർത്ഥ സുവിശേഷപ്രസംഗകനെ പിശാച് ബാധയുള്ളവനെന്നും കള്ളനെന്നും സഭയെ വഞ്ചിച്ചവനെന്നും ബറാബ്ബാസിനെ വിട്ടയക്കുക; ക്രിസ്തുവിനെ ക്രൂശിക്കുക എന്ന് പറഞ്ഞതുപോലെ പറയും. അതു മുതൽ അവരുണ്ടാക്കുന്ന പാപങ്ങളാൽ 1. സമാധാനം നഷ്ടപ്പെടും. 2. ക്രൂശിക്കപ്പെട്ടതിന് തുല്യമാകും. ഉയിർത്തെഴുന്നേൽപ്പ് വൈകും. ഇതാണ് ക്രൂശുചുമക്കൽ.

ഒരു കുടുംബനാഥനും സഹോദരിക്കുമൊക്കെ സ്വന്തം വീട്ടുകാരിൽ നിന്നും അയൽക്കാരിൽനിന്നും ശക്തമായ എതിർപ്പുണ്ടാകും. ഇതാണ് ക്രൂശുചുമക്കൽ. പിന്നെ

ക്രൂശുചുമട് വേണ്ടാ എന്നു കരുതി ചിലർ തക്കംപോലെ സംസാരിക്കും. വേറെ ചിലർ തന്റെ ഭാര്യക്ക് അഭിപ്രായവ്യത്യാസമില്ലല്ലോ, നിങ്ങൾക്കെന്താ എന്നോ, തന്റെ ഭർത്താവ് തന്നെ അഡ്ജസ്റ്റ് ചെയ്യുന്നുണ്ടല്ലോ എന്നുമൊക്കെപ്പറഞ്ഞ് ക്രൂശിന്റെ ഭാരം ചുമലിൽ വരാതെ രക്ഷപ്പെട്ട് നിൽക്കും. എന്നാൽ കർത്താവ് മത്താ.16:24-ലും, ലൂക്കോ.9:23-ലും മത്താ.10:38-ലും പറഞ്ഞത് അവനവന്റെ സുവിശേഷപ്രവർത്തനം എന്ന കുരിശെടുത്ത് എതിർപ്പൊക്കെ സഹിക്കണമെന്നാണ്. ക്രിസ്തു നിമിത്തം ജീവനെ കളയണമെന്നാണ്. എന്നു പറഞ്ഞാൽ നിലവിലുള്ള മാനവും യോഗ്യതകളുമൊക്കെ പോകണമെന്നാണ്. അപ്രകാരം നിരാലംബയും നിർദ്ധനയുമൊക്കെ ആയാലേ യഥാർത്ഥ ജീവനെ കണ്ടെത്താൻ കഴിയൂ എന്നാണ്. ഇനി ഞാനെഴുതട്ടെ ക്രൂശെടുക്കാതിരിക്കുന്നത് പാപമാണ്. ക്രൂശെടുക്കലിന് പകരം നമ്മുടെ ദൈവം തെണ്ടിക്കുന്ന ദൈവമല്ല എന്ന് പ്രസംഗിച്ച് കൂടുതൽ കൂടുതൽ രോഗശാന്തികളും സാമ്പത്തിക ഉപശാന്തികളും ഒക്കെ വാങ്ങുവാനും വാങ്ങിക്കൊടുക്കുവാനും ശ്രമിക്കുമ്പോൾ, അതിന്റെ പേരിൽ വൻ സ്തോത്രക്കാഴ്ച വരുത്തുന്ന ഉപായവും, ക്രൂശെടുക്കാൻ വിമുഖത കാണിക്കുന്ന ദൈവശാസ്ത്രവും, പ്രഖ്യാപിക്കുന്നു എന്ന പാപവും തീർച്ചയായും പാപം തന്നെയാണ്. രോഗശാന്തികളും ജോലിശാന്തികളും വീട് ശാന്തികളും കാർശാന്തികളുമൊക്കെ ലഭിക്കുന്നതിനെതിരെ യാതൊന്നും എഴുതുകയല്ല. വിശ്വാസത്തോടെ അതും കടുകുമണിയോളം വിശ്വാസത്തോടെ ചോദിക്കുന്നതെല്ലാം ഈ സത്യദൈവം തരിക തന്നെ ചെയ്യും. എന്നാൽ ക്രൈസ്തവജീവിതത്തിലെ അനിവാര്യങ്ങളായ കഷ്ടനഷ്ടങ്ങൾക്കെതിരെ പ്രസംഗിക്കുന്നത് ദൈവശാസ്ത്രപരമായി തെറ്റാണ്. 2 തിമോ.3:12 ഇങ്ങനെയാണ്: "എന്നാൽ ക്രിസ്തുവേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവമുണ്ടാകും."

## ക്യാൻസറിന് സൗഖ്യം



എന്റെ പേര് ത്രേസ്യാമ്മ വർഗ്ഗീസ്, സൗദി അറേബ്യയിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നു. രണ്ട് മാസം മുമ്പ് എന്റെ ബ്രസ്റ്റിൽ ഒരു മുഴ കാണുകയും സൗദിയിൽ തന്നെയുള്ള രണ്ട് ലാബുകളിൽ ടെസ്റ്റ് ചെയ്യുകയും ചെയ്തു. രണ്ട് സ്ഥലങ്ങളിലും രോഗം ക്യാൻസറാണെന്ന് സ്ഥിരീകരിച്ചു. ഞാൻ ദൈവത്തിൽ ശരണപ്പെട്ടു. നാട്ടിൽ തിരിച്ചെത്തിയശേഷം ചർച്ച് ഓഫ് ഇറ്റേണിറ്റി ദേവസ്യാ മുല്ലക്കരസാർ നേതൃത്വം കൊടുക്കുന്ന അടൂർ സഭയിലെ ശുശ്രൂഷകനായ ബിനോജ് പാസ്റ്ററെ ഫോണിൽ വിളിച്ചു. അദ്ദേഹവും സഭയും കർത്താവിനോട് എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ഞാൻ സഭയിൽപോയി അദ്ദേഹം എനിക്കുവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനക്കുശേഷം ഞാൻ ലാബിൽ പോയി വീണ്ടും പരിശോധിപ്പിച്ചു. ദൈവം അത്ഭുതം പ്രവർത്തിച്ചു. എനിക്ക് ക്യാൻസർ ഇല്ല എന്ന റിസൾട്ട് കിട്ടി. എന്റെ ദൈവം അവിടുത്തെ ദാസിയോട് അളവറ്റ കാരുണ്യം കാട്ടി. ഭാഗ്യം എന്നു പറയട്ടെ പൊൻകുന്നത്ത് ദേവസ്യാസാർ വരുന്നുണ്ടെന്ന് അറിഞ്ഞ് ഞാനവിടെ പോയി. എനിക്ക് തൈറോയിഡ് കാരണം ഒരു ആഹാരവും കഴിക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. സാർ പ്രാർത്ഥിച്ചതിന്റെ ഫലമായി അപ്പോൾ തന്നെ സൗഖ്യം ലഭിച്ചു. എനിക്ക് എല്ലാ ആഹാരവും കഴിക്കാൻ സാധിക്കുന്നുണ്ട്. സർവ്വശക്തനായ ദൈവമേ അങ്ങേക്ക് സ്തുതി.

**ത്രേസ്യാമ്മ വർഗ്ഗീസ്**
**പന്തളം Ph:9946004140**

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്**
**(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

## പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

# ദേവസ്യാ മുല്ലക്കര സാർ

# 9388371777, 9946635111

## സമയം: രാവിലെ 7 മുതൽ 9 വരെ

### പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

**എറണാകുളം അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.

**ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.

**e-mail: ekmoffice@gmail.com**
**our official website: www.churchofeternity.org**

## Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും

## അയക്കേണ്ട വിലാസം:

**Devasia mullakkara**
**PB. No.1**
**Cherupuzha(P.O)**
**Kannur(Dist), Kerala**
**Pin Code: 670 511**
**Ph: 04985 213999**

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph: 04985–213999

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

Fundamental Knowledge of True Theology - Chapter : 22

# പാപശാസ്ത്രം Hamartiology

## ഭാഗം 2 PART 2

വിശ്വാസവീരന്മാർക്കൊക്കെയും ഉപദ്രവങ്ങളുണ്ടായിട്ടുണ്ട്. ക്രിസ്തു, കാൽവരിയിലേറുന്നതിനു മുമ്പും കാൽവരി ക്രൂശിൽവച്ചും ഒട്ടും സഹിക്കാതെ ഉണ്ടാകട്ടെ എന്നു പറഞ്ഞ് സൂര്യചന്ദ്രന്മാരെയൊക്കെയും ഉണ്ടാക്കിയ തുപോലെ ആയിരുന്നുവെങ്കിൽ സകലവിധ, ടൊറൊന്റോ ബ്ലെസ്സിംഗിനും പ്രോസ്പിരിറ്റി തിയോളജിക്കും, ഓരോരൊ സ്ഥലങ്ങളിൽ ഓരോരൊ ആഴ്ച കാറിലൊ നടരാജൻ എക്സ്പ്രസ്സിലോ യാത്ര ചെയ്ത് ആ നഗരങ്ങളൊക്കെ അവകാശം പറഞ്ഞ് പ്രാർത്ഥിച്ച് Name it and clame it എന്ന വ്യവസ്ഥയൊക്കെ പാലിച്ചുകൊണ്ടോ ഊതിയും കൈവെച്ചും ഉന്തിയും വീശിയുമൊക്കെ വീഴ്ത്തിക്കൊണ്ടുമൊക്കെ ഞാനും നടന്നേനെ. 7 ഭാഷയിലോ 70 ഭാഷയിലോ കൂട്ടിക്കെട്ടി കൂട്ടിക്കെട്ടി, മഹാഗായകരായ യേശുദാസിനെയും കെസ്റ്ററിനെയും ഒക്കെ പിന്നിലാക്കിക്കൊണ്ട് കുറെ പാട്ടുകൾ ഹൈപിച്ചിലും ലോപിച്ചിലും ഒക്കെ പാടി, ദൈവജനത്തോട് ഇതാ അനുഗ്രഹം വരുന്നു, അതാ അനുഗ്രഹം വരുന്നു എന്നൊക്കെ പറഞ്ഞുകൊണ്ട് ഓളം വെട്ടിയുള്ള വർഷിപ്പുകളും തലയിൽ കൈവെച്ച് അനുഗ്രഹിച്ച് വീഴിച്ചിട്ടെഴുന്നേൽപ്പിച്ചു വിടലുമൊക്കെ പത്രൊസ് ചെയ്തോ, പൗലൊസ് ചെയ്തോ, സാക്ഷാൽ യേശുക്രിസ്തു ചെയ്തോ എന്ന് ഈ ബെന്നിഹിൻ മോഡൽ അഭിഷേകം പ്രാപിച്ചവരും കൊടുക്കുന്നവരും ആലോചിച്ച് തെറ്റൊക്കെ തിരുത്തി മാനസാന്തരപ്പെട്ട് വരുന്നിടം വരെ അവരൊക്കെ പാപത്തിലായിരിക്കും.

**കോതമ്പ് പോലെ പാറ്റുന്ന സാത്താൻ**

ലൂക്കോ.22-ൽ 31,32 വചനങ്ങൾ പരിശോധിക്കാം. "ശീമോനെ, ശീമോനെ, സാത്താൻ നിങ്ങളെ കോതമ്പ് പോലെ പാറ്റേണ്ടതിന് കല്പന ചോദിച്ചു ഞാനോ നിന്റെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു. എന്നാൽ നീ ഒരു സമയം തിരിഞ്ഞുവന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക." ഈ വചനം പഠിച്ചാൽ രണ്ട് കാര്യങ്ങൾ മനസ്സിലാകും.

1. നമ്മുടെ വിശ്വാസം പൊയ്പ്പോകാതിരിക്കണം. അതിന് പ്രാർത്ഥന അത്യാവശ്യമാണ്. വിശ്വാസം, ദൈവജനത്തിന്റേത് പൊയ്പ്പോകാതിരിക്കാൻ, അവരുടെ ഏറ്റവും പ്രിയപ്പെട്ട സഭാധികാരി എത്രയധികം പ്രാർത്ഥിക്കേണ്ടതുണ്ടെന്നും വിശ്വാസം വളരത്തക്കവണ്ണം ശുശ്രൂഷയെ ചെയ്യണമെന്നും, പിശാചിന്റെ വ്യാപകമായ പ്രവർത്തനങ്ങളാൽ വിശ്വാസം പലർക്കും പൊയ്പ്പോകാമെന്നും ഒരർത്ഥം. അങ്ങനെ മറ്റുള്ളവരുടെ വിശ്വാസം കുറയാൻ നാം കാരണക്കാരോ ആലസ്യമുള്ളവരോ ആയാൽ അത് പാപം തന്നെ.

2. നാം എപ്പോഴും നമ്മുടെ സഹോദരന്മാരെ മാനസാന്തരപ്പെടുത്തുവാനും ഉണർത്തുവാനും പരിശ്രമിക്കുന്നവരായിരിക്കണം.

**നിഗളം**

അപ്പൊസ്തലനായ പൗലൊസിന്റെ ജീവിതത്തിൽ സാത്താന്റെ ദൂതന്റെ ഇടപെടലുണ്ടായല്ലോ. "വെളിപാടുകളുടെ ആധിക്യത്താൽ ഞാനതിയായി നിഗളിച്ചുപോകാതിരിക്കാൻ എനിക്ക് ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു. ഞാൻ നിഗളിച്ചുപോകാതിരിക്കേണ്ടതിന് എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെത്തന്നെ; അതെന്നെ വിട്ടുനീങ്ങേണ്ടതിന് ഞാൻ മൂന്നുവട്ടം കർത്താവിനോട് അപേക്ഷിച്ചു. അവൻ എന്നോട് "എന്റെ കൃപ നിനക്ക് മതി. എന്റെ ശക്തി ബലഹീനതയിൽ തെളിഞ്ഞ് വരുന്നു. എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാനതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും."

വെളിപാടുകളുടെ ആധിക്യം കർത്താവ് അനുവദിച്ചതാണ്, അനുവദിക്കുന്നതാണ്. ആത്മീയസത്യങ്ങൾ പ്രസംഗിച്ചും എഴുതിയും അറിയിക്കുന്നതാണ് വെളിപാടുകളുടെ ആധിക്യം എന്നതിൽ പ്രധാനപ്പെട്ട അർത്ഥം. പ്രവചനം, വീര്യപ്രവൃത്തികൾമുതലായ വരങ്ങൾ നിർല്ലോഭം ഉപയോഗിക്കലാണ്, രണ്ടാമത്തേത്. എന്നാൽ നിഗളമൊരിക്കലും കർത്താവ് അനുവദിക്കുന്ന പ്രശ്നമില്ല. നിഗളമാണ് ഏറ്റവും വലിയ പാപം എന്നു കരുതാം. വിശ്വാസത്തിൽ വളർന്നവർക്കും, പലവിധ ശുശ്രൂഷകൾ ചെയ്യുന്നവർക്കും ഉണ്ടാകാവുന്നതാണ് നിഗളം. ഞാൻ നിഗളമാണ് എന്നു പറഞ്ഞുകൊണ്ടൊന്നുമല്ല നിഗളം നമ്മുടെയുള്ളിൽ പ്രവേശിക്കുന്നത്. നിഗളിച്ചിട്ട് സാത്താനു വന്ന അവസ്ഥ യെശയ്യാവ് 14-ലും യെഹസ്ക്കേൽ 28-ലും നാം വായിക്കുന്നുവല്ലോ!

**വിസ്താരത്തിനുമുമ്പെ വെളിവായ പാപങ്ങൾ**

1 കൊരി.4-ൽ 4,5 വാക്യങ്ങളിൽ "എനിക്ക് യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലെങ്കിലും അതിനാൽ ഞാൻ

Fundamental Knowledge of True Theology - Chapter : 22

# പാപശാസ്ത്രം ഭാഗം 2

# Hamartiology PART 2

നീതിമാൻ എന്നു വരികയില്ല; എന്നെ വിധിക്കുന്നത് കർത്താവാകുന്നു. ആകയാൽ കർത്താവ് വരുവോളം സമയത്തിനുമുമ്പെ ഒന്നും വിധിക്കരുത്; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്ന് ഓരോരുത്തന് ദൈവത്തിങ്കൽനിന്ന് പുകഴ്ചയുണ്ടാകും" എന്നുണ്ടല്ലോ. 1 തിമോ.5:24-ൽ "ചില മനുഷ്യരുടെ പാപങ്ങൾ വിസ്താരത്തിനു മുമ്പെ വെളിവായിരിക്കുന്നു; ചിലരുടെ പാപങ്ങളോ ക്രമേണയത്രെ."2 കൊരി.2-ൽ 5 മുതലുള്ള വചനങ്ങൾ കുറിയ്ക്കട്ടെ."ഒരുവൻ എന്നെ ദു:ഖിപ്പിച്ചു എങ്കിൽ അവൻ എന്നെയല്ല ഒരു വിധത്തിൽ - ഞാൻ കണക്കിൽ ഏറെ പറയരുതല്ലോ - നിങ്ങളെയെല്ലാവരെയും ദു:ഖിപ്പിച്ചിരിക്കുന്നു. അവന് ഭൂരിപക്ഷത്താലുണ്ടായ ഈ ശിക്ഷ മതി. അവൻ അതിദു:ഖത്തിൽ മുങ്ങിപ്പോകാതിരിക്കേണ്ടതിന് നിങ്ങൾ അവനോട് ക്ഷമിക്കുകയും ആശ്വസിപ്പിക്കുകയും തന്നെ വേണ്ടത്. അതുകൊണ്ട് നിങ്ങളുടെ സ്നേഹം അവന് ഉറപ്പിച്ചുകൊടുപ്പാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. നിങ്ങൾ സകലത്തിലും അനു സരണമുള്ളവരോ എന്ന് പരീക്ഷിച്ചറിയേണ്ടതിനുമാ യിരുന്നു ഞാനെഴുതിയത്. നിങ്ങൾ വല്ലതും ക്ഷമിക്കുന്നവ നോട് ഞാനും ക്ഷമിക്കുന്നു. എന്നാൽ ഞാൻ വല്ലതും ക്ഷമിച്ചിരിക്കുന്നുവെങ്കിൽ നിങ്ങൾ നിമിത്തം ക്രിസ്തുവിന്റെ സന്നിധാനത്തിൽ ക്ഷമിച്ചിരിക്കുന്നു. സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാമറിയാത്ത വരല്ലല്ലോ" (2 കൊരി.2:6-11).

നാം ഈ തിരുവചനങ്ങൾ ഓരോന്ന് എടുത്ത് പരിശോധിച്ചാൽ മനസ്സിലാകേണ്ട ചില കാര്യങ്ങൾ.

1. നാം വിധിക്കരുത്; അത് കർത്താവിന്റെ ചുമതലയാണ്. അതിൽ നാം കൈ കടത്തരുത്. വചനരഹിത ശുശ്രൂഷകൾ ചെയ്യുന്ന സഭകളുടെ തെറ്റായ കൂദാശകളെയോ മരിയ ഭക്തിയെയോ മരണാനന്തരശുശ്രൂഷകളെയോ തെറ്റെന്ന് പറയുന്നതല്ല, വിധിക്കരുത് എന്നു പറയുന്നത്. വ്യക്തിഹത്യ ചെയ്യരുതെ ന്നാണ്.വ്യക്തിഹത്യ പാപമാണ്. ക്ഷമിക്കേണ്ട സന്ദർഭങ്ങ ളിലൊക്കെയും ക്ഷമിക്കാൻ കഴിയണം. ക്ഷമിക്കേണ്ടതിന്റെ ആവശ്യമില്ലെന്ന് കരുതുന്നത് പാപമാണ്. സാത്താന്റെ തന്ത്രങ്ങളെ നാമറിയേണ്ടതാണ്. അറിയേണ്ടതൊക്കെ അറിയാതിരിക്കുന്നത് പാപമാണ്.

## ഉപസംഹാരം

ദൈവാത്മാവ്, അഥവാ, പരിശുദ്ധാത്മാവ് അഥവാ, ക്രിസ്തുവിന്റെ ആത്മാവ്, അഥവാ, സത്യാത്മാവ് കലക്കത്തിന്റെ ആത്മാവല്ല (1 കൊരി.14:33) സമാധാനത്തിന്റെ ദൈവമാണ് (1 കൊരി.14:33). 1 കൊരി.2:10-ൽ പറയുന്നതനുസരിച്ച് ദൈവത്തിന്റെ ആഴങ്ങളെയും അറിയുന്ന ആത്മാവാണ് സത്യാത്മാവ്. ന്യൂമാറ്റോളജി നാല് ഭാഗങ്ങളിൽ ചർച്ച് ഓഫ് ഇറ്റേണിറ്റി എന്ന സഭ അതിന്റെ ആധികാരിക രേഖകളിൽ പരിശുദ്ധാത്മാവിന്റെ യഥാർത്ഥമായ പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ദുരാത്മാവും ദുർഭൂതവും ബാധിച്ചവർ പോലും ചെയ്യുകയില്ലാത്ത ചൂണ്ടിവീഴ്ത്തലും, തള്ളിയിടലും, തലയിൽ കൈവെച്ചനുഗ്രഹിച്ച് വീഴിക്കലും, ആത്മാവിലെ ചിരിയും, കുരയും, ഛർദ്ദിയും നിലവിളിയും ഭൂതത്തോട് സംസാരിക്കലും എല്ലാം പാപങ്ങളാണ്. മനുഷ്യരെ വഞ്ചിച്ച് പണവും പേരും പെരുമയും സമ്പാദിക്കാനും പൈശാചികദൂത് കൊടുക്കുന്നവരിൽനിന്നും ദൂതുകൾ സ്വീകരിച്ച് യഥാർത്ഥ ക്രിസ്തുവിനെയും ക്രൂശിന്റെ വചനത്തെയും ഉയർത്തുന്നതിന് പകരം പാടിതിമിർത്ത് ആരാധനയുടെ ഉന്നതങ്ങളിൽ എത്തി എന്നു ഭാവിക്കുന്നവരും നിത്യനരകത്തീയിലേക്ക് പോകാതെയിരിക്കാൻ പാപങ്ങളേറ്റ് പറഞ്ഞ് മാനസാന്തരപ്പെട്ട് ഏറ്റവും വേഗം യഥാർത്ഥ അഭിഷേകം പ്രാപിക്കാൻവേണ്ടി പ്രാർത്ഥിക്കുന്നു.

പൗരോഹിത്യബ്രഹ്മചര്യം വചനവിരുദ്ധവും പാപവുമാണ്. സഭയുടെ ലക്ഷ്യം ദൈവരാജ്യമാണ്. സുവിശേഷമാണ് സഭയുടെ യഥാർത്ഥ സന്ദേശം. സഭയുടെ ശരിക്കുള്ള കടമ സുവിശേഷ പ്രസംഗവും പ്രാർത്ഥനയുമാണ്. ആദിമക്രൈസ്തവസഭയുടെ ഉറവിടങ്ങളിലേക്കും അനുഗ്രഹദായകമായ ശുശ്രൂഷകളിലേക്കും നാം മടങ്ങണം. വൈദികരൊക്കെ പാസ്റ്റർമാർ അഥവാ ഇവാഞ്ചലിസ്റ്റുകളായി പുനരർപ്പിക്കപ്പെടണം. ക്രിസ്തുവെന്ന മഹാപുരോഹിതനോട് ചേർന്ന് ആത്മനിറവ് പ്രാപിച്ച് സുവിശേഷ ശുശ്രൂഷക്കിറങ്ങണം. മത്താ.28:19-ഉം, മർക്കോ.16:16-ഉം അനുസരിച്ച് എല്ലാ പുരോഹിതരും വിശ്വാസ്നാനം സ്വീകരിച്ച് കുർബ്ബാനചൊല്ലൽ നിർത്തി, കർത്തൃമേശയും സ്വീകരിച്ച് വിശുദ്ധരായി ജീവിച്ച്, പതിനായിരക്കണക്കിന് ആത്മാക്കളെ നേടി മരിച്ച് ക്രിസ്തുവിന്റെ മണവാട്ടിപദത്തിലേക്കുയരണം - ബാക്കിയൊക്കെ പാപമാണ്, പാപം!

# വാർത്തകൾ
# NEWS

## യേശുക്രിസ്തുവിനെ തങ്ങളുടെ രാജ്യത്തിന്റെ രാജാവായി പോളണ്ട് ഔദ്യോഗികമായി പ്രഖ്യാപിച്ചു

ക്രാക്കോവ്: യേശുക്രിസ്തുവിനെ തങ്ങളുടെ രാജ്യത്തിന്റെ രാജാവായി പോളണ്ട് ഔദ്യോഗികമായി പ്രഖ്യാപിച്ചു. പോളണ്ടിന്റെ പ്രസിഡന്റ് ആൻഡ്രെസെജ് ഡൂഡായുടെ സാന്നിധ്യത്തിൽ പോളിഷ് ബിഷപ്പുമാരാണ് ക്രിസ്തുവിനെ രാജ്യത്തിന്റെ രാജാവായി ഔദ്യോഗികമായി പ്രഖ്യാപിച്ചത്. നവംബർ 19-ാം തീയ്യതി ക്രാക്കോവിലെ ദിവ്യകാരുണ്യ ദേവാലയത്തിൽ നടത്തപ്പെട്ട ഔദ്യോഗിക ചടങ്ങ്, 20-ാം തീയ്യതി രാജ്യത്തെ എല്ലാ ദേവാലയങ്ങളിലും പ്രതീകാത്മകമായി വീണ്ടും നടത്തപ്പെട്ടു.

1925-ൽ പീയൂസ് പതിനൊന്നാമൻ പാപ്പയാണ് ക്രിസ്തുവിനെ രാജാവായി പ്രഖ്യാപിക്കണമെന്ന് വിവരിക്കുന്ന ''ക്യൂവാസ് പ്രിമാസ്'' എന്ന ലേഖനം പുറപ്പെടുവിച്ചത്. ക്യൂവാസ് പ്രിമാസിന്റെ വിശദീകരണപ്രകാരം, ഒരാൾ ക്രിസ്തുവിനെ രഹസ്യമായും, പരസ്യമായും തന്റെ ജീവിതത്തിന്റെ രാജാവായി പ്രഖ്യാപിക്കുമ്പോൾ ആ വ്യക്തിക്ക് യഥാർത്ഥ സ്വാതന്ത്ര്യവും, മികച്ച അച്ചടക്കവും, സഹവർത്തിത്വവും ലഭിക്കുമെന്ന് പറയുന്നു. ഇതിന്റെ തുടർച്ചയെന്നോണമാണ് ക്രിസ്തുവിനെ തങ്ങളുടെ രാജ്യത്തിന്റെ രാജാവായി പോളണ്ട് ഔദ്യോഗികമായി പ്രഖ്യാപിച്ചിരിക്കുന്നത്.

രാജ്യങ്ങൾ ഇത്തരം പ്രഖ്യാപനങ്ങൾ നടത്തുമ്പോൾ അവർ ക്രിസ്തുവിന്റെ രാജത്വത്തിന്റെ തിരുനാൾ പ്രത്യേകമായി ആഘോഷിക്കണമെന്നും, വ്യക്തികളും, ഭരണാധികാരികളും പരസ്യമായി ക്രിസ്തുവിനെ ബഹുമാനിക്കണമെന്നും 'ക്യൂവാസ് പ്രിമാസിൽ' പറയുന്നുണ്ട്.

''ദൈവത്തെയും, ഭൂമിയെയും സാക്ഷി നിർത്തി പോളണ്ട് ആവശ്യപ്പെടുന്നത്, ക്രിസ്തുവെ, നിന്റെ ഭരണം ഞങ്ങളുടെ രാജ്യത്ത് വരേണമെ എന്നതാണ്. ക്രിസ്തുവിനല്ലാതെ ഒരാൾക്കും ഞങ്ങളിലധികാരമില്ലെന്നും ഇപ്പോൾ ഇവിടെ പരസ്യമായി പ്രഖ്യാപിക്കുന്നു. കൃതജ്ഞതാപൂർവ്വം നിന്റെ സന്നിധിയിൽ, ഞങ്ങൾ ശിരസ്സ് നമിക്കുന്നു. പോളണ്ട് ക്രൈസ്തവവിശ്വാസം സ്വീകരിച്ച് സ്നാനമേറ്റതിന്റെ 1050-ാമത് വർഷത്തിൽ യേശുക്രിസ്തുവിനെ ഞങ്ങൾ, രാജ്യത്തിന്റെ രാജാവായി പ്രഖ്യാപിക്കുന്നു.'' പോളിഷ് ബിഷപ്പുമാർ പ്രഖ്യാപനത്തിൽ ഏറ്റു പറഞ്ഞു.

നേരത്തെ പെറു, ഇക്വഡോർ എന്നീ രാജ്യങ്ങൾ ക്രിസ്തുവിനെ തങ്ങളുടെ രാജ്യത്തിന്റെ സംരക്ഷകനും, ഭരണാധികാരിയുമായി പ്രഖ്യാപിച്ചിരുന്നു.

കടപ്പാട്: പ്രവാചകശബ്ദം


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O.,
   Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O
   Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O.,
   Cherupuzha
   670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

| | |
|---|---|
| ഏപ്രിൽ 15 | തൃപ്പൂണിത്തറ, കൺവെൻഷൻ, സീമാ ഓഡിറ്റോറിയം Ph:9947217398 |
| ഏപ്രിൽ 16 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. കുരിശുപള്ളിക്ക് സമീപം.ബാങ്ക്റോഡ്. Ph:9961854203.10 am-3 pm |
| ഏപ്രിൽ 17,18 | പാസ്റ്റേഴ്സ് കോൺഫറൻസ്,എറണാകുളം, പാലാരിവട്ടം ചർച്ച് ഹാൾ. 10 am-5 pm Ph:9388487301 |
| ഏപ്രിൽ 22 | കൺവെൻഷൻ തലശ്ശേരി കനക് റെസിഡൻസി, ഗേൾസ് ഹൈസ്കൂളിന് സമീപം. Ph:9539002341 10 am-3 pm |
| ഏപ്രിൽ 23 | കൺവെൻഷൻ ഏറ്റുമാനൂർ വ്യാപാരഭവൻ Ph:9947260420 10 am-3 pm |
| ഏപ്രിൽ 24-28 | തിരുവല്ല. ആത്മാഭിഷേകം ന്യൂ ചർച്ച്ഹാൾ മഞ്ഞാടി. Ph:9446745148 10 am-3 pm |
| ഏപ്രിൽ 30 | തൃശ്ശൂർ. ചേംബർ ഓഫ് കൊമേഴ്സ് ഹാൾ, പാലസ് റോഡ്. Ph:9446988562 10 am-3 pm |
| മെയ് 1-10 | ഇസ്രായേൽ യാത്ര. Ph:9388487301,9020806465 |
| മെയ് 13 | തിരുവല്ല. .ആത്മാഭിഷേകം ന്യൂ ചർച്ച്ഹാൾ മഞ്ഞാടി. Ph:9446745148 10 am-3 pm |
| മെയ് 1-10 | ഇസ്രായേൽ യാത്ര. Ph:9388487301,9020806465 |
| മെയ് 14 | പാറശ്ശാല. കൺവെൻഷൻ. ആത്മാഭിഷേകം വർഷിപ്പ് സെന്റർ, ഷീലാ കോട്ടേജ്, പുത്തൻകട റെയിൽവേ പാലത്തിന് സമീപം. Ph:9744569559 10 am-1 pm |
| | തിരുവനന്തപുരം. കൺവെൻഷൻ. പരുത്തിപ്പാറ ഗ്രേസ് മിനിഹാൾ Ph:9446718242 2.30 Pm-5.30 pm |
| മെയ് 20 | തൃപ്പൂണിത്തറ, കൺവെൻഷൻ, സീമാ ഓഡിറ്റോറിയം, 10 am-3 pm Ph:9947217398 |
| മെയ് 21 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. കുരിശുപള്ളിക്ക് സമീപം. ബാങ്ക്റോഡ്. Ph:9961854203. 10 am-3 pm |
| മെയ് 22-26 | കൃപാവരവളർച്ചാധ്യാനം (Harvesters & Evangelists)പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമം Ph:04985 213999, 9947267701. |
| മെയ് 27 | കൺവെൻഷൻ തലശ്ശേരി. Ph:9539002341 10 am-3 pm |
| മെയ് 28 | കൺവെൻഷൻ ഏറ്റുമാനൂർ വ്യാപാരഭവൻ. Ph:9947260420 10 am-3 pm |
| മെയ് 29-ജൂൺ 2 | ആലപ്പുഴ, ബൈബിൾ സ്കൂൾ. Ph:9447116820 |

## പൊതുകൺവെൻഷനുകൾ

ഒന്നാം ഞായർ പാലാരിവട്ടം, രണ്ടാം ഞായർ തിരുവനന്തപുരം,

മൂന്നാം ഞായർ കോഴിക്കോട്, നാലാം ഞായർ ഏറ്റുമാനൂർ.

ഒന്നാം ശനി തൃശ്ശൂർ, രണ്ടാം ശനി തിരുവല്ല, മൂന്നാം ശനി തൃപ്പൂണിത്തുറ,

നാലാം ശനി തലശ്ശേരി.

**എല്ലാ മാസവും ആദ്യത്തെ ആഴ്ച പുസ്തകരചനയും പ്രാർത്ഥനയും.**
**എല്ലാ മാസവും മൂന്നാം ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ വെള്ളി വരെ പുളിങ്ങോം ധ്യാനം.**
**എല്ലാ മാസവും നാലാമത്തെ ആഴ്ചയിൽ തിങ്കൾ മുതൽ വിവിധയിടങ്ങളിൽ സോണൽ ബൈബിൾ സ്കൂളുകൾ.**

ATHMABHISHEKAM MONTHLY
2017 APRIL
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th APRIL 2017



ചർച്ച് ഓഫ് ഇറ്റേണിറ്റി നയിക്കുന്ന

**രണ്ടാമത് ഇസ്രായേൽ യാത്ര 2017 മെയ് 1 മുതൽ**

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

**9020806465, 9388487301**

## ആത്മാഭിഷേകം ചിൽഡ്രൻ ബൈബിൾ ക്ലബ്ബ് (ACBC)

# VBS 2017

ആത്മാഭിഷേകം ചർച്ചുകളിലെ
വിവിധ സോണുകളിൽ വച്ച് നടത്തപ്പെടുന്നു

ഏപ്രിൽ മൂന്നാമത്തെ ആഴ്ച മുതൽ
മെയ് മൂന്നാമത്തെ ആഴ്ച വരെ



ചിന്താവിഷയം :-
സമാധാന നക്ഷത്രങ്ങൾ

വേദപഠനം ,ഗാനങ്ങൾ
ആക്ഷൻസോങ്ങ് ,ഗെയിമുകൾ
മിഷനറികഥകൾ ,സമ്മാനങ്ങൾ
സ്നേഹവിരുന്ന്

വരൂ കൂട്ടുകാരെ VBS ന്റെ
ഉല്ലാസ നാളുകൾക്കായി
നമുക്ക് ഒത്തുചേരാം

## ബൈബിൾ സ്കൂൾ

ഏപ്രിൽ 24 തിങ്കൾ – 28 വെള്ളി – തിരുവല്ല ( പത്തനംതിട്ട, കറുകച്ചാൽ, ചങ്ങനാശ്ശേരി, തിരുവല്ല, അടൂർ തുടങ്ങിയ ചർച്ചുകളെ പങ്കെടുപ്പിച്ചുകൊണ്ട്

**CONTACT: 9446745148**

മെയ് 29 തിങ്കൾ മുതൽ ജൂൺ 2 വെള്ളി – ആലപ്പുഴ ( കായംകുളം, ചെന്നിത്തല, ചേർത്തല, ആലപ്പുഴ തുടങ്ങിയ ചർച്ചുകളെ പങ്കെടുപ്പിച്ചുകൊണ്ട്

**CONTACT: 9447116820**

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).